കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊയിലാണ്ടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ കെ.കെ.ഡി/പി8/2080/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഫോൺ : 0495-2371012

തിയ്യതി – 08-11-2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊയിലാണ്ടി നഗരസഭ

സർ,

വിഷയം : കൊയിലാണ്ടി നഗരസഭ - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റീസ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുൻസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3. നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
4. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.കെ.ഡി/പി.8/2080/17 തിയ്യതി: 08-11-2017

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.16 മുതൽ 20.05.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ പി ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.05.2017 മുതൽ 31.05.2017 വരെ(ചെലവ് ഓഡിറ്റ്)<br>16.10.2017 മുതൽ 26.10.2017 വരെ(വരവ് ഓഡിറ്റ്) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ചെലവ് ഓഡിറ്റ്<br>ശ്രീ സതീഷ് കുമാർ കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഇ വി ഹരി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജയകുമാർ പാലോളി | സീ.ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ ശ്രീജിത്ത് കെ വി | ഓഡിറ്റർ |
| | വരവ് ഓഡിറ്റ്<br>ശ്രീ ശ്യാംജിത്ത് എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി പി ഷൈനി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശ്രീജിത്ത് കെ വി | ഓഡിറ്റർ |
| | ശ്രീ ഷിബിൻ കെ എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ അഡ്വ. കെ സത്യൻ | 01.04.2016മുതൽ31.03.2017വരെ |
| സെക്രട്ടറി | ശ്രീമതി ഷെറിൽ ഐറിൻ സോളമൻ | 01.04.2016മുതൽ31.03.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വ്യവസായ വികസന ഓഫീസർ | ശ്രീ രാധാകൃഷ്ണൻ കെ<br>ശ്രീ അജിതകുമാർ പി വി | 01.04.2016മുതൽ30.06.2016വരെ<br>01.07.2016മുതൽ31.03.2017വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ മോഹനൻ ടി കെ<br>ശ്രീ കൃഷ്ണൻ എ | 01.04.2016മുതൽ26.07.2016വരെ<br>27.07.2016മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.നീന കുമാർ | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഷബ്ന സൈനുദ്ദീൻ<br>ശ്രീമതി ശ്രീവിദ്യ എം കെ | 01.04.2016മുതൽ31.07.2016വരെ<br>01.08.2016മുതൽ31.03.2017വരെ |
| സൂപ്രണ്ട് (ഹോമിയോ ആശുപത്രി) | ഡോ. സി പ്രീത | 01.04.2016മുതൽ31.03.2017വരെ |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി രമണി സി ടി<br><br>ശ്രീമതി. ബിന്ദു. ടി<br>ശ്രീ. അനീഷ് വി നായർ | 01.04.2016മുതൽ 25-04-2016 വരെ<br>17-5-2016 മുതൽ 24-10-2016 വരെ<br>05-12-16 മുതൽ 31-03-17 വരെ<br>26.04.2016മുതൽ 16-05-2016 വരെ<br>25-10-2016 മുതൽ 4-12-2016 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ ശ്യാംചന്ദ്<br>ശ്രീമതി പി കെ രഞ്ജിനി | 01.04.2016മുതൽ14.01.2017വരെ<br>15.01.2017മുതൽ31.03.2017വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി വസന്ത പി എം | 01.04.2016മുതൽ31.03.2017വരെ |
| പ്രിൻസിപ്പൽ ജിവിഎച്ച്എസ്എസ് | ശ്രീ ബിജേഷ് ഉപ്പാലക്കൽ | 01.04.2016മുതൽ31.03.2017വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി | ഡോ.സച്ചിൻ ബാബു | 01.04.2016മുതൽ31.03.2017വരെ |
| മുൻസിപ്പൽ എഞ്ചിനീയർ | കുമാരി മിനി എ എസ് | 01.04.2016മുതൽ31.03.2017വരെ |
| പ്രൊജക്റ്റ് ഓഫീസർ കുടുംബശ്രീ | ശ്രീ പ്രസാദ് കെ എം | 01.04.2016മുതൽ 31.03.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – സർട്ടിഫിക്കറ്റ് വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷികകണക്കിലെ അപാകതകൾ | 2-1 |
| 12 | രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ | 2-2 |
| 13 | വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ | 2-3 |
| 14 | ബിൽഡിംഗ് പെർമിറ്റുകൾ നൽകുന്നതിലും ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ (B.A.R) പരിപാലിക്കുന്നതിലുമുള്ള അപാകതകൾ | 2-4 |
| 15 | കെട്ടിട നിർമ്മാണ അനുമതി നല്കിയതിലെ അപാകത | 2-5 |
| 16 | വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയില്ല | 2-6 |
| 17 | ലേലം നിബന്ധനകൾ പ്രകാരമുള്ള നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല. | 2-7 |
| 18 | വിനോദ നികുതി- പരിശോധന കാര്യക്ഷമമാക്കിയില്ല. | 2-8 |
| 19 | ഇ.എം.എസ് സ്മാരക ടൗൺ ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് -വൈദ്യുതി ലഭ്യമാക്കിയില്ല. വരുമാനത്തിൽ കുറവ് | 2-9 |
| 20 | വാടക വരവിലെ അപാകതകൾ | 2-10 |
| 21 | തൊഴിൽ നികുതി-അപാകതകൾ | 2-11 |
| 22 | പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല | 2-12 |

| | | |
|---|---|---|
| 23 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – സമാഹരിച്ച 8.93 കോടി രൂപ വിനിയോഗിക്കാൻ കഴിഞ്ഞില്ല | 3-1 |
| 24 | എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം , ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുത്തിയതിൽ അപാകത | 3-2 |
| 25 | സാധനങ്ങൾ വാങ്ങിയത്- പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല | 3-3 |
| 26 | അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിലും ഉപയോഗിക്കുന്നതിലും കുറവ്- വികസനഫണ്ട് വകമാറ്റപ്പെടുന്നു | 3-4 |
| 27 | അനധികൃതമായി എൽ.ടി.സി. ആനുകൂല്യം അനുവദിച്ചു | 3-5 |
| 28 | നടപ്പാത നിർമ്മാണം -ക്വാറിമക്ക് വിനിയോഗിച്ചതിന്റെ ആവശ്യകത വ്യക്തമല്ല | 3-6 |
| 29 | സേവനനികുതി ,ടെണ്ടർ ഫോറത്തിന്റെ വില്പന നികുതി എന്നിവ ,സമയബന്ധിതമായി ഒടുക്കുന്നില്ല | 3-7 |
| 30 | വാർഡ്സഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു | 3-8 |
| 31 | മാർഗ്ഗരേഖക്ക വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 3-9 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ | 3-10 |
| 33 | ഭൂമി വാങ്ങൽ - വില്ലേജ് രേഖകളിൽ പോക്കുവരവ് നടത്തിയില്ല. | 3-11 |
| 34 | കുടിവെള്ള പദ്ധതികൾ സമയബന്ധധിതമായി പൂർത്തീകരിക്കുന്നില്ല | 3-12 |
| 35 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഇഴഞ്ഞ് നീങ്ങുന്നു | 3-13 |

| | | |
|---|---|---|
| 36 | സ്കൂൾ വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം - കെട്ടിട നിർമ്മാണ അനുമതി വാങ്ങിയില്ല. | 3-14 |
| 37 | പദ്ധതിയ്ക്ക് നല്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. | 3-15 |
| 38 | വിവാഹ ധനസഹായം - തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. | 3-16 |
| 39 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ലക്ഷ്യം കണ്ടില്ല. | 3-17 |
| 40 | ക്ഷീരകർഷകർക്ക് പാലുൽപ്പാദന ഇൻസെന്റീവ് നൽകൽ-തുക കർഷകർക്ക് നൽകിയതിന്റെ വിവരങ്ങളില്ല. | 3-18 |
| 41 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ട് -പാലിയേറ്റീവ് ക്ളിനിക്കിന് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 3-19 |
| 42 | കൈമാറിക്കിട്ടിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഫീസ് സൗകര്യം ലഭ്യമാക്കിയില്ല | 3-20 |
| 43 | വാഴകൃഷി വ്യാപനം -580 ഗുണഭോക്താക്കൾക്ക് മാത്രം സൗജന്യനിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്തു | 3-21 |
| 44 | മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. | 3-22 |
| 45 | കണ്ടിജന്റ് പെൻഷൻ - അപാകതകൾ | 3-23 |
| 46 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - സെന്ട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല. | 3-24 |

| | | |
|---|---|---|
| 47 | മുൻകുറുകൾ ക്രമീകരിച്ചില്ല | 3-25 |
| | ഭാഗം 4 | |
| 48 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 57 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തിയതിയിലെ 01/2016 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.03.2017 തിയതിയിലെ 01/2016 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 10.08.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 26.10.2017 | അനുബന്ധം കാണുക. |

## 1-4 സാമ്പത്തിക വിശകലനം ( റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8,21,76,113 |
| വരവ് | 25,60,41,455 |
| ആകെ | 33,82,17,568 |
| ചെലവ് | 22,80,30,848 |
| നീക്കിയിരിപ്പ് | 11,01,86,720 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 56058361 | 56058361 | 55572038 | 99 |
| വികസനഫണ്ട് എസ്.സി.പി. | | 15267864 | 15267864 | 12414514 | 81 |
| സംരക്ഷണഗ്രാന്റ് റോഡ് | | 13967460 | 13967460 | 9911521 | 71 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 14003799 | 14003799 | 6042835 | 43 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 72908580 | 72908580 | 46045488 | 63 |
| പെർഫോമൻസ് ഗ്രാന്റ് | | 14222393 | 14222393 | 5731762 | 40 |
| ബി ഫണ്ട് | | 1925760 | 1925760 | 1850280 | 96 |
| മറ്റുള്ളവ | | 21233304 | 21233304 | 4486229 | 21 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 234 | 195 | 26 | 12 | 83% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18340272 | 19090973 | 750701 | |
| നികുതിയേതര വരവുകൾ | 15890805 | 14480326 | 1410479(-) | |
| മറ്റുവരവുകൾ | 3194154 | 2002684 | 1191470(-) | |
| ആകെ | 37425231 | 35573983 | 1851248 | -5% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 875760 | 496 |
| കർഷകതൊഴിലാളി പെൻഷൻ | 10040610 | 1219 |

| | | |
|---|---|---|
| വിധവാപെൻഷൻ | 25115025 | 2702 |
| വാർദ്ധക്യകാലപെൻഷൻ | 36914875 | 3986 |
| വികലാംഗപെൻഷൻ | 6048710 | 685 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3343830 | 328 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1050000 | 35 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.05.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,264/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2015 മുതൽ 25.02.2015 വരെ | 2013-14 | F-625/15<br>16.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.2013 മുതൽ 09.01.2014 വരെ | 2012-13 | LBA.HQ VI/8A/2036/27, 06.02.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) താഴെ പറയുന്ന ഡിമാന്റ് രജിസ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

എ) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

ബി) വസ്തുനികുതി കുടിശ്ശികഡിമാന്റ് രജിസ്റ്റർ

സി) തൊഴിൽനികുതി കുടിശ്ശികഡിമാന്റ് രജിസ്റ്റർ

ഡി) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ

ഇ) ടൗൺഹാൾ വാടക ഡിമാന്റ് രജിസ്റ്റർ

2) താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷികസംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായില്ല.

എ) തൊഴിൽ നികുതി

ബി) ബിൽഡിംഗ് പെർമിറ്റ് ഫീസ്

സി) ഡി & ഒ ലൈസൻസ് ഫീസ്

ഡി) ലേലം

3)ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ ഡിമാന്റ്, കലക്ഷൻ തുകകൾ വാർഷികകണക്കിലും ഡിമാന്റ് രജിസ്റ്ററിലും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം | | | ഡിമാന്റ് രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
| തൻവർഷം | 7535027 | 7200853 | 419190 | 8565052 | 7859462 | 705590 |
| കുടിശ്ശിക | 587933 | 837664 | 39089 | 182735 | 139192 | 43543 |

4) ഇ – ടെണ്ടറിന് വേണ്ടി മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ് ബി ടി, കൊയിലാണ്ടി ശാഖയിൽ ആരംഭിച്ച 67273530290 നം. അക്കൗണ്ടിൽ വരവ് വന്ന തുകകൾ നഗരസഭയുടെ അക്കൗണ്ടിലേക്ക് വരവ് വെച്ച് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ സർവീസ് ടാക്സ് ഉൾപ്പെടെ 11,77,980രൂപ 31.3.17ന് ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

5) തനത് ഫണ്ടിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 4343001100000019നം. അക്കൗണ്ടിന്റെ 31.3.17ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം directly debited by bank ആയി രേഖപ്പെടുത്തിയ 87783.43രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) തനത് ഫണ്ടിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 4343001100000019നം. അക്കൗണ്ടിന്റെ

31.3.17ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പണമാക്കാത്ത ചെക്കുകളായി കാണിച്ചിരിക്കുന്ന 16,08,961 രൂപയിൽ 1,72,360രൂപയുടെ ചെക്കുകൾ (45 എണ്ണം) 2009 മുതൽ ഫെബ്രുവരി 2016 വരെയുള്ള കാലയളവിൽ ഇഷ്യൂ ചെയ്തവയാണ്. ചെക്ക് പണമാക്കാനുള്ള കാലപരിധി കഴിഞ്ഞ മേൽപ്പറഞ്ഞ ചെക്കുകൾ സ്റ്റോപ്പ് മെമ്മോ നൽകി ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

7)ഹരിതനഗരം പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച പദ്ധതി അവതരിപ്പിച്ചതിന് 10,00,000രൂപ ലഭിച്ചത് ചെയർമാന്റെ പേരിലുള്ള കേരളാ ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചതായി 23.3.2016ലെ 16ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിലോ വാർഷികകണക്കിലോ വരവ് വന്നതായി കാണുന്നില്ല. (ഇതുമായി ബന്ധപ്പെട്ട ഫയൽ നം.എച്ച്1/7193/15 പരിശോധനക്ക് ഹാജരക്കിയിട്ടില്ല)

8)സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 10,50,000രൂപ(ബിൽ നം.14/22.11.16 – 3,00,000, ബിൽ നം.41/23.3.17 – 7,50,000) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

9)ഇ എം എസ് ലോൺ ഇനത്തിൽ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക ലോൺ രജിസ്റ്റർ പ്രകാരം 2335847രൂപയും വാർഷികകണക്ക് പ്രകാരം 2398347 രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

10) റഗുലർ പെൻഷൻ ഇനത്തിൽ 2016-17 വരെ 2,18,59,162 രൂപ നഗരസഭയ്ക്ക് സെന്ട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-15 പ്രകാരം ഈയിലത്തിൽ ലഭിക്കാനുള്ള തുക 1,38,34,814രൂപയാണ്. അതായത് യഥാർത്ഥത്തിൽ ലഭിക്കാനുള്ള തുകയേക്കാൾ 80,24,348രൂപ കുറവായാണ് വാർഷികകണക്കിൽ രേഖപ്പെടുത്തിയത്.

11) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് സംബന്ധിച്ച് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാനായിട്ടില്ല.

12) അഡ്വാൻസ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മുൻകൂർ സംബന്ധിച്ച് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാനായിട്ടില്ല.

13) നഗരസഭയിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

14) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

15)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

01.04.2016 മുതൽ 20.05.2017 വരെ നഗരസഭയിൽ ഔട്ട്ഡോർ / ഇൻഡോർ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ച രശീത് ബുക്കുകൾ,സാംഖ്യ സ്റ്റേഷനറി എന്നിവ പരിശോധിച്ചു.ആയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. സാംഖ്യ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.രശീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

അപൂർണ്ണവും അവ്യക്തവുമാണ്.സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്നും മുന്നിരിപ്പോ ബാലൻസോ വ്യക്തമല്ല.

2. രശീതുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകളില്ലാതെ രശീത് ബുക്കുകൾ പിരിവിനനുവദിക്കുന്നു.
3. റദ്ദ് ചെയ്യുന്ന രശീതുകളിൽ ആയതിന്റെ കാരണം സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: 1443,17929 നമ്പർ രശീതുകൾ.
4. ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുന്ന ഭൂരിഭാഗം രശീതുകൾക്കും മാനുവലായി രശീത് നൽകുന്നു.ഇത് മൂലം ഡിജിറ്റൽ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യവും പൂർണ്ണവുമാക്കപ്പെടുന്നില്ല.
5. കൃഷി ഓഫീസർ കളക്ഷൻ രജിസ്റ്റർ തീയതിയുടെയും രശീത് നമ്പറുകളുടെയും ക്രമത്തിൽ എഴുതുന്നതിന് പകരം വിവിധ പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയനുസരിച്ചാണ് രജിസ്റ്ററെഴുതുന്നത്.
6. കൃഷി ഓഫീസർ അനുവദിക്കുന്ന രശീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകളുടെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 31.05.2017 ന് നൽകിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ 5,6 ക്രമനമ്പറായുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെ ന്നറിയിച്ചിട്ടുണ്ട്. ഒന്ന് മുതൽ നാല് വരെയുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ

കൊയിലാണ്ടി നഗരസഭയിൽ 31 ട്രഷറി/ ബാങ്ക് അക്കൗണ്ടുകളുണ്ടെന്ന് 01.04.2016 മുതൽ 20.05.2017 വരെയുള്ള സ്ഥാപനത്തിന്റെ ലെഡ്ജർ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു.ഇതിൽ 11 അക്കൗണ്ടുകളിൽ ഇടപാടുകളൊന്നും നടന്നിട്ടില്ല. 7 അക്കൗണ്ടുകളിൽ നിന്നും ചെലവുകളൊന്നും നടത്തിയിട്ടില്ല.പ്രസ്തുത 7 അക്കൗണ്ടുകളിൽ പലിശയിനത്തിലുള്ള വരവ് മാത്രമാണുള്ളത്.ഓഡിറ്റിന് ലഭ്യമാക്കിയ പാസ്ബുക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വീഴ്ചകൾ കാണുന്നു.

1. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 റൂൾ 6,7,8,9 എന്നിവ പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ട ബാങ്ക്ബുക്ക്,ജേർണൽ ബക്ക്,ജനറൽ ലഡ്ജർ,സബ്ബ് ലഡ്ജർ രജിസ്റ്ററുകൾ തയ്യാറാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല.
2. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 റൂൾ 54 പ്രകാരം അക്കൗണ്ട്സ് ഓഫീസർ കാഷ് ബുക്ക്,ബാങ്ക് ബുക്ക് എന്നിവ തയ്യാറാക്കി ക്ലോസ് ചെയ്യേണ്ടതാണ്.ദിവസം,മാസം,അർദ്ധവർഷം ,സാമ്പത്തിക വർഷാന്ത്യം എന്നീ സമയ പരിധികളിൽ അക്കൗണ്ട്സ് ഓഫീസർ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് പൊരുത്തപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത്തരം പരിശോധനകൾ നടത്തപ്പെട്ടു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.ഇത്തരം പരിശോധനകൾ നടത്തിയതായി കാണുന്നില്ല.

3. നഗരസഭയിലെ അക്കൗണ്ടുകൾ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയാണ് കൈകാര്യം ചെയ്യപ്പെടുന്നതെങ്കിലും കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 റൂൾ 12 പ്രകാരം സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകളോ രജിസ്റ്ററുകളോ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകളുടെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 31.05.2017 ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 പ്രകാരം സെക്രട്ടറിയിലും അക്കൗണ്ടന്റിലും നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള കടമകൾ നിർവ്വഹിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റുകൾ നൽകുന്നതിലും ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ (B.A.R) പരിപാലിക്കുന്നതിലുമുള്ള അപാകതകൾ

1. കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ ലഭിച്ചത് B.A.R ൽ ചേർക്കുമ്പോൾ അവ നഗരസഭാ ഓഫീസിൽ കൈപ്പറ്റിയ തിയ്യതി ചേർക്കുന്നില്ല. ഇക്കാരണത്താൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ട 13,14 പ്രകാരമുള്ള സമയപരിധിക്കകമാണോ അപേക്ഷകൾ തീർപ്പാക്കുന്നത് എന്ന കാര്യം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ചില കേസുകളിൽ തപാൽ നമ്പറും B.A.R ൽ ചേർത്തിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ ന. | തപാൽ നം. | അപേക്ഷകൻ | കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണ്ണം | കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | 6801 | മജീദ്, തട്ടുവയൽ കുനി, പെരുവട്ടൂർ | 183.53 എം$^2$ | റെസി. |
| 2 | 6793 | നിസാർ, സരിഗ പന്തലായനി | 118.96 എം$^2$ | റെസി. |
| 3 | നമ്പർ നൽകിയിട്ടില്ല | എസ്.ജി.സജിത്ത്, ചിലങ്ക, പന്തലായനി | 276.72 എം$^2$ | ഫ്ലാറ്റ് |
| 4 | 10227 | അമീൻ, കൊല്ലം | 322.9 എം$^2$ | എഴുതിയിട്ടില്ല |
| 5 | 9378 | നദിയ, നസ്റീൻ, പാലക്കുളം | 717.38 എം$^2$ | വാണിജ്യം |

2. ക്രമവല്ക്കരിക്കുന്ന അനധികൃത കെട്ടിടങ്ങളുടെ കാര്യത്തിൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 146 (3) പ്രകാരം Appendix J മാതൃകയിലുള്ള ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ 2016-17 വർഷത്തിൽ എഴുതി

സൂക്ഷിച്ചിട്ടില്ല.

3. 2016-17 വർഷത്തെ B.A.R, One day permit register എന്നിവയിൽ വർഷാവസാനം Abstract എഴുതി മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്ററുകളിൽ 31.3.2017 ന ശേഷം പേജുകൾ ഒഴിച്ചിട്ടിരിക്കുകയാണ്.

4. മുൻവർഷങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ ചില കേസുകളിൽ 2016-17 വർഷത്തിൽ പെർമിറ്റ് ലഭിച്ചവയും ഉണ്ടോ എന്നറിയാൻ കഴിഞ്ഞില്ല. ഇത്തരം പെർമിറ്റുകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഇത്തരം അപേക്ഷകളുടെ പെർമിറ്റ് നമ്പർ, അപേക്ഷ നം./തീയതി, കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണ്ണം, കെട്ടിടത്തിന്റെ തരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

5. 2016-17 വർഷത്തിൽ നൽകിയ താഴെപ്പറയുന്ന പെർമിറ്റിന്റെ വിശദാംശങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | ബി.എൽ.56/16/10.6.2016<br>(TP2BA 24432/2016/10.6.2016) |
| അപേക്ഷകൻ | ശ്രീ.ഷബീർ, കുറവങ്ങാട്.പി.ഒ,<br>കോഴിക്കോട്. |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | 595.72 എം$^2$ |
| തരം | റെസിഡൻഷ്യൽ |
| പെർമിറ്റ് ഒപ്പിട്ടത് | ശ്രീമതി. ഷെറിൽ ഐറിൻ സോളമൻ,<br>സെക്രട്ടറി |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണ്ണത്തിന്റെ വിശദാംശങ്ങൾ | GF - 172.88 m$^2$<br>Parking -116.16m$^2$<br>FF - 289.04m$^2$<br>Stair Cabin - 17.64m$^2$<br>ആകെ -595.72 m$^2$ |

പെർമിറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

എ) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 11 (3) Appendix G പ്രകാരമാണ് പെർമിറ്റ് നൽകിയത്. ചട്ടം 11(3) Appendix C പ്രകാരമാണ് പെർമിറ്റ് നൽകേണ്ടത്.

ബി) മേൽ പരാമർശിച്ച പ്രകാരം പെർമിറ്റ് നൽകുമ്പോൾ കെട്ടിടത്തിന്റെ ഓരോ നിലയിലുമുള്ള (ഉദാഃ Basement, GF,FF .......) പ്ലിന്ത് വിസ്തീർണ്ണം വ്യക്തമാക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ നൽകിയ പെർമിറ്റിൽ കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

6.

| | |
|---|---|
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | 210/2016 |

| | |
|---|---|
| | (TP2BA 45652/2016/17.12.2016) |
| അപേക്ഷക | ശ്രീമതി.ഷൈലജ, ശ്രീരാഗ്, കൊയിലാണ്ടി. |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | 245.66 എം$^2$ |
| തരം | വാണിജ്യപരം |
| പെർമിറ്റ് ഒപ്പിട്ടത് | കുമാരി.മിനി.എ.എസ്, അസി. എഞ്ചിനീയർ |

എ.) എന്നാൽ അപേക്ഷ പ്രകാരം രണ്ടാം നിലയിൽ റസി. വിഭാഗത്തിൽപ്പെട്ട 93.04എം$^2$ നിർമ്മാണത്തിനു മാത്രമേ അപേക്ഷ നൽകിയിട്ടുള്ളൂ.GF,FF എന്നിവ നിലവിലുള്ളവയാണ്. (17/336 A,B,C, D, E F എന്നീ നമ്പറുകളോട് കൂടിയവ) ഇക്കാര്യം ശ്രദ്ധിക്കാതെയാണ് 245.66 എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അനുമതി നൽകിയത്.

ബി.) നിലവിലുള്ള കെട്ടിടത്തിന് അനുവദിച്ച പെർമിറ്റ് (17/336 നമ്പറുകളോട് കൂടിയത്) പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണോ പിന്നീട് അനധികൃത കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിച്ചതായി കാണുന്നില്ല.

സി.) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 7 (1) പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ കൂടി ഹാജരാക്കേണ്ടതുണ്ട്.

ഇവിടെ പെർമിറ്റ് നൽകിയത് ശ്രീമതി ശൈലജ, ശ്രീരാഗ്, കൊയിലാണ്ടി എന്നയാൾക്കാണ്. R.S. No. 59/3A പ്രകാരമുള്ള 2 ആർ പ്ലോട്ടിലാണ് നിർമ്മാണം. അപേക്ഷയോടൊപ്പമുള്ള മേൽ സ്ഥലത്തിന്റെ 19.3.2002 തിയ്യതിയിലെ ഡോക്യുമെന്റ് നം. *418/2002 നം. ആധാര പ്രകാരം ആയത് ഞാറ്റങ്ങാട്ടു താഴെ കുനിയിൽ ശൈലജ എന്നയാൾക്കു ലഭിച്ച വെറുമ്പാട്ട-തീരാധാരമാണ്.(2002-വർഷം-1ാം പുസ്തകം-748-447 മുതൽ 450 വരെ വശങ്ങൾ-418ാം നമ്പർ)

പന്തലായിനി വില്ലേജ് ഓഫീസിൽ നികുതി അടച്ച 22.07.2016 തിയ്യതിയിലെ എൽ. നം. 4480546- ബുക്ക് നം. എൽ. 44806 നം. രശീത് പ്രകാരം പ്ലോട്ടിന് നികുതി അടച്ചിരിക്കുന്നത് വലകുന്നത്ത് തെക്കേ നേമത്ത് കര ശൈലജ എന്നയാളാണ്. പ്ലോട്ടിന്റെ ഉടമസ്ഥയും പെർമിറ്റിന് അപേക്ഷിച്ചയാളും ഒന്നു തന്നെയാണോ എന്നതും സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും ഉറപ്പു വരുത്താതെയാണ് പെർമിറ്റ് നൽകിയത്.

7. കൊയിലാണ്ടി നഗരസഭയിൽ നിന്നും നൽകിയ താഴെപ്പറയുന്ന റഗുലറൈസേഷൻ പെർമിറ്റിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | BL /128/16 |

| | |
|---|---|
| അപേക്ഷകർ | ശശിധരക്കുറുപ്പ്, ശ്രീധരക്കുറുപ്പ്, ശശിന, നിത്യാനന്ദ വിഹാർ, ഉള്ള്യേരി. |
| പ്ലോട്ട്റി.സർവേ നം. | 26/12 |
| പ്ലോട്ട് വിസ്തീർണം | 20.34 ആർസ്. |
| തരം | ടൂറിസ്റ്റ് ഹോം |

നിലവിലുള്ള 3 നില ടൂറിസ്റ്റ് ഹോം കെട്ടിടത്തിന് അനധികൃതമായി 4-ാം നിലയും അനുബന്ധ സ്റ്റാഫ് റൂം കെട്ടിടവും Treatment plant ഉം നിർമ്മിച്ചത് റഗുലറൈസ് ചെയ്യുന്നതിനാണ് അപേക്ഷ. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത താഴെപ്പറയുന്നു.

1. ഫയലിനോടൊപ്പമുള്ള അംഗീകരിച്ച റഗുലറൈസേഷൻ ബിൽഡിംഗ് പ്ലാൻ പ്രകാരം "Regularised as per BL-128/16/17.10.2017 എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ പ്രസ്തുത റഗുലറൈസേഷൻ പെർമിറ്റിന്റെ ഓഫീസ് കോപ്പി ഫയലിൽ ലഭ്യമല്ല. റഗുലറൈസേഷൻ നൽകിയതായി B.A.R. ൽ രേഖപ്പെടുത്തിയിട്ടില്ല.
2. നിലവിലുള്ള 16/38 F,G, H,J, K -നം. ടൂറിസ്റ്റ് ഹോം കെട്ടിടത്തിനോട് ചേർന്നാണ് അനധികൃത നിർമ്മാണം നടത്തിയത്. പ്രസ്തുത കെട്ടിട ഭാഗത്തിന്റെ അസസ്സ്മെന്റ് വിവരങ്ങൾ ബന്ധപെട്ട വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | അസസ്സ്മെന്റ് നം. | കെട്ടിട ഭാഗം | പ്ലിന്ത് ഏരിയ | അസസ്സ്മെന്റ് രജിസ്റ്റർ |
|---|---|---|---|---|
| 1 | 16/38 F | BF | 67.7 $m^2$ | Vol. No. 162 Page 53 |
| 2 | 16/38 G | GF | 634.35$m^2$ | |
| 3 | 16/38 H | FF | 582.6$m^2$ | |
| 4 | 16/38 J | SF | 580.9 $m^2$ | |
| 5 | 16/38 K | TF | 640.45 $m^2$ | |

എന്നാൽ അംഗീകരിച്ച റഗുലറൈസേഷൻ പ്ലാൻ പ്രകാരം പുതുതായി അനുമതി നൽകിയതും നിലവിലുള്ളതുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണങ്ങളുടെ വിശദാംശങ്ങളുടെ വിവരങ്ങൾ തിരിച്ചടയ്ക്കുന്നു.

| കെട്ടിട ഭാഗം | പ്ലിന്ത് ഏരിയ |
|---|---|
| BF (Exi) | 615.72 $m^2$ |
| GF (Exi) | 624.37$m^2$ |

| | |
|---|---|
| FF (Exi) | 636.48 $m^2$ |
| SF(Exi) | 633.02 $m^2$ |
| TF(Exi) | 629.56 $m^2$ |
| FF(Prop) | 629.56 $m^2$ |
| TF (Prop) | 75.76 $m^2$ |
| ആകെ | 3844.47 $m^2$ |

നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം ബന്ധപ്പെട്ട അസ്സസ്സ്മെന്റ് രജിസ്റ്ററിൽ പരാമർശിക്കുന്നതും റഗുലറൈസേഷൻ പ്ലാനിൽ ഉള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നിലവിലുള്ള 16/38 F,G, H,J,K നമ്പർ കെട്ടിടത്തിന് അനുമതി നൽകിയിരിക്കുന്നത് BL-104/13/18.06.2013 നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരമാണ്. ആയത് റഗുലറൈസേഷൻ പെർമിറ്റ് നൽകുമ്പോൾ പരിശോധിച്ചിട്ടില്ല. ആകെ 1836.36 വിസ്തീർണ്ണമാണ് അനധികൃത നിർമ്മാണമായി ശ്രീ. ജോളി PWO I നോട്ട് ഫയലിൽ 04.07.2017 ൽ നിർണ്ണയിച്ചിട്ടുള്ളത്. ഇത് പ്രകാരം 43425/- രൂപ കോമ്പൌണ്ടിംഗ് ഫീസ് ആയി നിർണ്ണയിക്കുകയും ആയത് 102644/10.07.2017 (28500/- രൂപ), 104437/26.9.2017 (14925/- രൂപ) എന്നീ രശീത് പ്രകാരം അപേക്ഷകർ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

കോമ്പൌണ്ടിംഗ് ഫീസ് നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കുവാൻ BL-104/13/18.06.2013 നം. പെർമിറ്റ് പരിശോധിക്കേണ്ടത് ആവശ്യമാണ്. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ അനുമതി നല്കിയതിലെ അപാകത

കൊയിലാണ്ടി നഗരസഭയുടെ 2016 – 17 വർഷത്തെ കെട്ടിട നിർമ്മാണ അനുമതികൾ പരിശോധിച്ചു.

താഴെപ്പറയുന്ന അനുമതികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1.

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | ബി.എൽ. 99 /16 തിയ്യതി 18.06.16<br>നമ്പർ : ടി.പി2 – ബി.എ. 23668 / 2016<br>തിയ്യതി 22.06.16<br>അപേക്ഷ നമ്പർ : ടി.പി 2 / 7673/16 |

| | |
|---|---|
| | |
| അപേക്ഷകർ | പി.ബി.ഹംസ , ഹാരിസ് |
| കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം | 772.2 എം2 |
| കെട്ടിടത്തിന്റെ തരം | വാണിജ്യം |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | സെക്രട്ടറി. |
| പ്ലോട്ട് വിസ്തീർണം | 17.47 സെന്റ് |
| പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | റി.സ നമ്പർ 29 /4 |
| പന്തലായിനി വില്ലേജ് ഓഫീസർ നല്കിയ കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ | 1165 / 16 തിയ്യതി 24.05.16 |
| കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പ്ലോട്ടിന്റെ തരം | നിലം. |

ബന്ധപ്പെട്ട ഫയലിന്റെ നോട്ട് ഫയൽ പ്രകാരം സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്ന് നോട്ട് എഴുതിയതായി കാണുന്നു. ഇക്കാരണത്താൽ 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ / ചട്ടങ്ങൾക്ക് വിധേയമാക്കാതെയാണ് പെർമിറ്റ് നല്കിയത്. എന്നാൽ ഡാറ്റാ ബാങ്ക് പകർപ്പ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

2.

| | |
|---|---|
| ബിൽഡിങ് പെർമിറ്റ് നമ്പർ | ബി.എൽ 339 / 13 തിയ്യതി 6.3.14 |
| പെർമിറ്റ് ഉടമസ്ഥൻ | തേവറോത്ത് അസ്സൈനാർ , കുറുങ്ങോട്ട് ആയിഷ.<br>കൈപ്പുറത്ത് മീത്തൽ , കാരയാട്, മേപ്പയൂർ |
| പെർമിറ്റ് പ്രകാരം അനുവദിച്ച പ്ലിന്ത് വിസ്തീർണം | 1906.15 എം2 |
| കെട്ടിടത്തിന്റെ തരം | Shop building ( വാണിജ്യം ) |
| പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം<br>നിർമ്മാണം പൂർത്തിയാക്കിയ പ്ലിന്ത് വിസ്തീർണം | 2229.52 എം2 |
| നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നല്കിയ ഒക്യുപൻസി സർട്ടിഫിക്കറ്റ് നമ്പർ | ബി.എൽ. 339 / 13 തിയ്യതി 2.4.16<br>നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി : 03.02.2016 |

| | |
|---|---|
| | ഒക്യപൻസി സർട്ടിഫിക്കറ്റ് ഒപ്പിട്ട് നൽകിയത്<br>ഷെറിൽ ഐറിൻ സോളമൻ,<br>സെക്രട്ടറി |
| ഒക്യപൻസി സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ പ്ലിന്ത് വിസ്തീർണം | 2229.46 എം2 |

പെർമിറ്റിൽ നിന്നും വ്യതിചലിച്ച് അധികമായി നിർമ്മാണം നടത്തിയതിനാൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 144 പ്രകാരം അപേക്ഷകൻ ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ക്രമവൽക്കരണയോഗ്യമെങ്കിൽ റൂൾ 146 (4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയാണ് നിർമ്മാണം ക്രമവൽക്കരിക്കേണ്ടത്. എന്നാൽ ഇത്തരം നടപടി ക്രമങ്ങളൊന്നും ഇവിടെ പാലിച്ചിട്ടില്ല. പെർമിറ്റ് പ്രകാരം അനുവദനീയമായതിൽ നിന്നും അധികരിച്ച് നിർമ്മിച്ചവ അനധികൃത നിർമ്മാണമായാണ് കണക്കാക്കേണ്ടത്. എന്നാൽ 1999 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 18 പ്രകാരം ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ പാലിച്ചതായും കാണുന്നില്ല.

അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 2-6 വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയില്ല

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013 /തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്.

വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയത് മൂലം 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കേണ്ടിയിരുന്ന പുതുക്കിയ വസ്തുനികുതി ചുമത്തുന്നതിന് 2017-18 സാമ്പത്തിക വർഷത്തിലും നഗരസഭക്ക് സാധിച്ചിട്ടില്ല.

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ 31086 കെട്ടിടങ്ങളിൽ കേവലം 272 കെട്ടിടങ്ങളുടെ ഫോറം 6 മാത്രമെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കിയിട്ടുള്ളൂ. 20.10.2017 തീയതിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ സ്ഥിതി വിവര റിപ്പോർട്ട് താഴെ ചേർക്കുന്നു.

| വാർഡ് നം | കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയറിൽ ബേസ് ഡാറ്റ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയറിൽ ബേസ് ഡാറ്റ രേഖപ്പെടുത്തിയ ഫോറം 6 ന്റെ എണ്ണം | ഫോറം 6 ഡാറ്റാ എൻട്രി പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1058 | 563 | 0 | 0 |
| 2 | 466 | 247 | 0 | 0 |
| 3 | 705 | 342 | 0 | 0 |
| 4 | 834 | 350 | 0 | 0 |
| 5 | 621 | 392 | 0 | 0 |
| 6 | 883 | 551 | 0 | 0 |
| 7 | 657 | 441 | 0 | 0 |
| 8 | 905 | 534 | 0 | 0 |
| 9 | 1183 | 762 | 0 | 0 |
| 10 | 804 | 504 | 0 | 0 |
| 11 | 726 | 477 | 93 | 19.5 |
| 12 | 806 | 505 | 178 | 35.25 |
| 13 | 738 | 354 | 1 | 0.28 |
| 14 | 942 | 320 | 0 | 0 |
| 15 | 976 | 417 | 0 | 0 |
| 16 | 744 | 406 | 0 | 0 |
| 17 | 645 | 461 | 0 | 0 |
| 18 | 2107 | 0 | 0 | 0 |
| 19 | 1352 | 255 | 0 | 0 |
| 20 | 740 | 488 | 0 | 0 |
| 21 | 614 | 419 | 0 | 0 |
| 22 | 463 | 143 | 0 | 0 |
| 23 | 714 | 21 | 0 | 0 |
| 24 | 1072 | 36 | 0 | 0 |
| 25 | 731 | 52 | 0 | 0 |
| 26 | 810 | 27 | 0 | 0 |
| 27 | 845 | 76 | 0 | 0 |
| 28 | 1034 | 299 | 0 | 0 |
| 29 | 745 | 518 | 0 | 0 |
| 30 | 620 | 268 | 0 | 0 |
| 31 | 871 | 504 | 0 | 0 |
| 32 | 713 | 272 | 0 | 0 |
| 33 | 1175 | 467 | 0 | 0 |
| 34 | 1485 | 340 | 0 | 0 |
| 35 | 1302 | 614 | 0 | 0 |
| ആകെ | 31086 | 12425 | 272 | 0.87% |

2013 ൽ ആരംഭിച്ച വസ്തുനികുതി പരിഷ്കരണ നടപടികൾ ഓഡിറ്റ് തീയതി വരെയും

പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നാളിതുവരെ 0.87% ശതമാനം കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൊയിലാണ്ടി നഗരസഭയിൽ 44 ഇലക്ടറൽ വാർഡുകളുണ്ട് . എന്നാൽ 44 വാർഡുകളുടെ അടിസ്ഥാനത്തിൽ പുതിയ അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 35 റവന്യൂ വാർഡുകൾ പ്രകാരമുള്ള പഴയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. സഞ്ചയയിൽ ആകെ കെട്ടിടങ്ങളുടെ എണ്ണമായി രേഖപ്പെടുത്തിയ 31086 കെട്ടിടങ്ങളിൽ 2011 മുതൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ ഉൾപ്പെടുന്നില്ല. 2011-12 മുതൽ 2016-17 വരെയുള്ള പുതിയതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആകെ കെട്ടിടങ്ങളുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിന് കഴിഞ്ഞിട്ടില്ല. 2016-17, 2017-18 വർഷത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ മേൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പോലും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമായിരുന്ന സാഹചര്യത്തിലും സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് രേഖപ്പെടുത്തലുകൾ വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

02.12.2013 തീയതിയിലെ ജി.ഒ(എം.എസ്) 371/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർ) 01.4.2013 മുതലും പരിഷ്കരിച്ച നികുതി ബാധകമാവുന്നതാണ്. മേൽ സാഹചര്യത്തിൽ പരിഷ്കരിച്ച വസ്തുനികുതി കാലഹരണ സമയ പരിധി പിന്നിട്ടിട്ടുണ്ടെന്നത് വ്യക്തമാണ്. 1994 ലെ കേരള മുനിസിപാലിറ്റി ആക്ടിലെ 539 വകുപ്പിലെ 2-ാം ഉപവകുപ്പായി നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും തുക വസൂലാക്കാൻ യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതു മൂലം തുക കാലഹരണപ്പെടുകയാണെങ്കിൽ ഉത്തരവാദികളിൽ നിന്നും പന്ത്രണ്ട് ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാത്തത് മൂലം നഗരസഭക്ക് വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് വിശദീകരണം നൽകേണ്ടതാണ്. കാലതാമസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കാരണക്കാരായവരിൽ നിന്നും വിശദീകരണം തേടേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

<u>ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി - ബാധകമായ നിരക്കിൽ നികുതി ഈടാക്കിയില്ല</u>

28.09.2011 ലെ കൊയിലാണ്ടി നഗരസഭയുടെ 10-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ നഗരസഭ വിജ്ഞാപനം ചെയ്തിരുന്നു.ആയത് പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹ 50/ച.മീ, 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹70/ച.മീ നിരക്കിലുമാണ് നികുതി നിർണ്ണയിക്കേണ്ടത്.

എന്നാൽ വിജ്ഞാപനം ചെയ്ത നിരക്കിന് വിരുദ്ധമായി തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം നഗരസഭക്ക് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഉദാ-1.</u>

| ക്രമനം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീ കരണ സാക്ഷ്യ പത്രപ്രകാര മുള്ള കെട്ടിട ത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് / ഉപയോഗ ക്രമം | ഇടാക്കേണ്ടി യിരുന്ന വസ്തു നികുതി. | സോഫ്റ്റ്‌വെ യറിൽ രേഖപ്പെടു ത്തിയ ഉപ യോഗക്രമം, നിരക്ക് , ഈടാക്കി യ ആകെ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | 28/423 സി. മുതൽ 28/423 സി.34 വരെയുള്ള 35 മുറികളായ് നമ്പർ നൽകിയ കെട്ടിടം.<br>ഉപയോഗക്രമം-തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടം | തേവറോത്ത് അസ്സയിനാർ, കുറുങ്ങോട്ട് ആയിഷ.<br>കൈപ്പുറത്ത് മീത്തൽ, കാരയാട്. പി.ഒ,<br>കോഴിക്കോട്. | 2229.46 | 70/<br>100 ച.മീ ന് മുകളിലുള്ള വാണിജ്യാ വശ്യം | അടിസ്ഥാന വസ്തുനികുതി-<br>തറനിരപ്പ്- 558.24<br>=558.24x70+20%<br>വർദ്ധനവ്(വഴി സൗകര്യം)-46892<br>ഒന്നാം നില-<br>805.19x70+20% (വഴി) വർദ്ധനവ്,5% ഇളവ്-(ബഹുനില കെട്ടിടം)=64818<br>രണ്ടാം നില<br>805.19x70+20% (വഴി) വർദ്ധനവ്,10% ഇളവ്-(ബഹുനില കെട്ടിടം)<br>=62000<br>മൂന്നാം നില-<br>60.84x70+20% (വഴി) വർദ്ധനവ്,15% ഇളവ്(ബഹുനില)<br>=4472<br>ആകെ-178182 | 50/<br>100 ച.മീ വരെയുള്ള വാണിജ്യാ വശ്യം<br>ആകെ നികുതി = 126684 | 51498 |
| ആകെ | | | | | | | 51498 |

കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി കണക്കിലെടുത്ത് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നഗരസഭക്ക് നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗ ക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുകയും ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ച് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിച്ചത് മൂലമാണ് ഇത്തരത്തിൽ നഷ്ടമുണ്ടായിട്ടുള്ളത്. പ്രായോഗിക

പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം, മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി ആയതിന് ബാധകമായ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.

ഉദാ.2

ഭാസ്കരൻ,സുശീല,ബിന്ദു, 'ബിന്ദു നിവാസ്', കൊയിലാണ്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള 30/264 നം കെട്ടിടം ഘടനയിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തി 30/264.എ നമ്പർ കെട്ടിടമായി വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഗാർഹികാവശ്യത്തിനുള്ള 30/264 നമ്പർ കെട്ടിടത്തിന്റെ ഒരു ഭാഗം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടമാക്കുകയാണുണ്ടായത്. 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം ഘടനാപരമായി മാറ്റം വരുത്തിയ ഭാഗത്തിന് പുതിയ കെട്ടിടമെന്ന നിലയിൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തിയപ്പോൾ 25 വർഷത്തിന് മുകളിൽ കാലപ്പഴക്കമുള്ള കെട്ടിടമെന്ന നിലയിൽ പരിഗണിച്ച് അടിസ്ഥാന നികുതിയിൽ 20% ഇളവ് അനുവദിച്ചതായി കാണുന്നു. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കായ ₹ 60/ച.മീറ്ററിന് പകരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ ₹ 50/ച.മീറ്ററിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. (തറവിസ്തീർണ്ണം- 14.24,നിരക്ക്-₹ 50/ച.മീ, ഇളവ് (മേൽക്കൂര-10%,കാലപ്പഴക്കം-20%, 15x50=750,ഇളവ്,30%(₹225), ഈടാക്കിയ നികുതി=525), യഥാർത്ഥത്തിൽ നികുതി നിർണ്ണയം നടത്തേണ്ട രീതി താഴെ ചേർക്കുന്നു.

തറവിസ്തീർണ്ണം- 14.24 ച.മീ

ബാധകമായ നിരക്ക്- ₹ 60/ച.മീ. (ഓഫീസ് ആവശ്യം )

അടിസ്ഥാന വസ്തു നികുതി- 14.24x60= 854

ഇളവ് (മേൽക്കൂര) 10 %= 85

വർദ്ധനവ്- ഇല്ല.

ബാധകമായ വസ്തുനികുതി- 854-85= ₹ 769/-

തെറ്റായ രീതിയിൽ നികുതി നിർണ്ണയം നടത്തിയത് മൂലം 244 രൂപ വസ്തുനികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ ക്കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. മേൽ ഉദാഹരണങ്ങളിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം തെറ്റായ ഉപയോഗക്രമവും നികുതി നിരക്കും കണക്കാക്കി നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുന:നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വർഷങ്ങളായി വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം ചൂണ്ടികാണിക്കപ്പെട്ടിട്ടും അപാകത പരിഹരിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിന് തയ്യാറായിട്ടില്ല. മേൽ

രജിസ്റ്ററുകളുടെ അഭാവത്തിൽ യഥാർത്ഥ വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് എന്നിവ തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല 2016-17 വാർഷിക കണക്ക് പ്രകാരം തൻവർഷ വസ്തുനികുതിയിനത്തിൽ 1693650 രൂപയും കുടിശ്ശിക ഇനത്തിൽ 1017585 രൂപ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത കണക്കുകൾക്കാധാരമായ വസ്തു നികുതി ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി ഇളവുകളെ സംബന്ധിച്ച വേക്കൻസി റെമിഷൻ, റൈറ്റ് ഓഫ് രജിസ്റ്റർ, എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല . 2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് നിർണ്ണയിച്ചത് എപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വേക്കൻസി റെമിഷൻ രജിസ്റ്റർ, വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ, നികുതി ഒഴിവാക്കിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 2-7 ലേലം നിബന്ധനകൾ പ്രകാരമുള്ള നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല.

നഗരസഭയിലെ വിവിധ പിരിവവകാശങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച ലേല നിബന്ധനകൾ ( നം.R2-2392/90, തീ.08.02.2016) പ്രകാരം താത്കാലികമായി ലേലം ഉറപ്പിക്കുമ്പോൾ ലേലതുകയുടെ 50 ശതമാനവും ലേലം കൗൺസിൽ അംഗീകരിക്കുന്ന മുറക്ക് ലേലതുകയുടെ 25 ശതമാനവും ലേലക്കാരൻ നഗരസഭയിൽ അടവാക്കേണ്ടതാണ്.ബാക്കി തുക 3 ഗഡുക്കളായി ജൂലായ് 5 തീയ്യതിക്കകവും നഗരസഭയിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രതിമാസം 1 ശതമാനം പലിശ നിരക്കിൽ പിഴ ഒടുക്കേണ്ടതുമാണ്.

ലേല തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ താഴെ പറയുന്ന ലേലക്കാരിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമനം | ലേലത്തിന് വച്ച പിരിവവകാശം സംബന്ധിച്ച വിവരം | ലേലക്കാരന്റെ പേരും വിലാസവും | ലേല തുക | ലേല തുക അടവാക്കിയത് സംബന്ധിച്ച വിവരം | തുക അടവാക്കിയ തീയതി/ രശീത് നം. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ (അടവാക്കാൻ ബാക്കിയുള്ള തുകക്ക് പ്രതിമാസം 1% നിരക്കിൽ ) | പിഴ ഇനത്തിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീ പിരിവ് | ബാലകൃഷ്ണൻ, പൂതക്കുറ്റി കുനി. | 1325201 | 350000 | 11501112804/ 25.02.16 | 0 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പെരുവട്ടൂർ. | | 250000 | 11501113550/ 02.03.2016 | 0 | 0 | 0 |
| | | | | 126000 | 11601104991/ 30.07.2016 | 5040 | 7252 | 2212 |
| | | | | 50000 | 11601107844/ 31.10.2016 | 3500 | 23968 | 20468 |
| | | | | 100000 | 11601109816/ 20.01.2017 | 0 | 38444 | 38444 |
| | | | | 321060 | 11601500079/ 22.02.2017 | 22400 | 35936 | 13536 |
| | | | | 128141 | 11601500098, 11601114877 /20.03.2017 | 15220 | 11533 | -3687 |
| ആകെ | | | | 1325201 | | 46160 | 118414 | 70973 |
| 2 | ബസ് സ്റ്റാന്റ് കംഫർട് സ്റ്റേഷൻ ഫീ പിരിവ്. | ചന്ദ്രശേഖരൻ. വട്ടകുളങ്ങര കീഴരിയൂർ.പി.ഒ. കൊയിലാണ്ടി. | 595000 | 250000 | 11501111799/ 02.03.2016 | 0 | 0 | 0 |
| | | | | 73000 | 11501112805/ 21.05.2016 | 1460 | 0 | (-)1460 |
| | | | | 100000 | 11601105379/ 08.08.2016 | 5000 | 5440 | 440 |
| | | | | 100000 | 11601108708/ 30.11.2016 | 0 | 8600 | (-)7600 |
| | | | | 72000 | 11601109162/ 22.12.2016 | 0 | 4320 | 4320 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 0 | 31.01.2017 | 7600 | | |
| ആകെ | | | | 595000 | | 14060 | 18360 | 4300 |

മേൽ ലേലക്കാരിൽ നിന്നും പിഴ ഈടാക്കിയതിൽ 75273/- രൂപ കുറവുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-40, തീ.25.10.2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലേലനിബന്ധനകൾ പ്രകാരം ജൂലായ് 5 നകം ലേലതുക മുഴുവനായും അടവാക്കാത്തവർക്കെതിരെ ലേലാവകാശം റദ്ദാക്കി റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തുക പൂർണ്ണമായും പിരിച്ചെടുത്തതിന് ശേഷമാണ് ലേലക്കാർ നഗരസഭയിൽ ലേലതുക പൂർണ്ണമായും അടവാക്കുന്നത്. ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-8 വിനോദ നികുതി- പരിശോധന കാര്യക്ഷമമാക്കിയില്ല.

കൊയിലാണ്ടി നഗരസഭ പരിധിയിൽ 'കൃഷ്ണ', 'ദ്വാരക', അമ്പാടി എന്നീ 3 സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട് . മേൽ തിയേറ്ററുകൾ റിലീസിംഗ് സെന്ററുകളാണ്. വിനോദനികുതി ഇനത്തിൽ 2016-17 വർഷത്തിൽ 2724089 രൂപയാണ് നഗരസഭക്ക് വരവുള്ളത്. വിനോദനികുതി ഡിമാന്റ് രജിസ്റ്റർ, ഡി.സി.ആർ, അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

2016-17 വർഷത്തിൽ തിയേറ്ററുകൾ സമർപ്പിച്ച ഡി.സി.ആർ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും തീയേറ്ററുകളുടെ സീറ്റിംഗ് കപ്പാസിറ്റിയുടെ ശരാശരി പതിനഞ്ച് ശതമാനം ടിക്കറ്റുകൾ മാത്രമാണ് വിറ്റഴിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഓരോ തിയേറ്ററിലും ഭൗതിക പരിശോധന നടത്തുന്നതിന് 3 ജീവനക്കാരെ വീതം നിയോഗിച്ച് കൊണ്ട് സെക്രട്ടറി ഉത്തരവിടുന്നുണ്ടെങ്കിലും ചെക്കിംഗ് ഉദ്യോഗസ്ഥർ പരിശോധന നടത്തി സെക്രട്ടറി നിർദ്ദേശിച്ച രീതിയിൽ റിപ്പോർട്ട് ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച തിയേറ്റർ ചെക്കിംഗ് രജിസ്റ്റർ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പരിശോധന സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്ക് ചെക്കിംഗ് ഡ്യൂട്ടി അലവൻസിന് അർഹതയുണ്ടാകില്ലെന്ന് സെക്രട്ടറിയുടെ ഉത്തരവിൽ സ്പഷ്ടമാക്കുന്നുണ്ടെങ്കിലും റിപ്പോർട്ട് സമർപ്പിക്കാത്തവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ' അമ്പാടി' തീയേറ്ററിൽ നഗരസഭയുടെ സീൽ ചെയ്യാത്ത ടിക്കറ്റുകൾ വിൽപന നടത്തുന്നു എന്ന് ഒരു ഓൺലൈൻ മാധ്യമത്തിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി തിയേറ്റർ ഉടമയോട് വിശദീകരണമാരാഞ്ഞിരുന്നു. എന്നാൽ തിയേറ്റർ ഉടമ സമർപ്പിച്ച മറുപടി പരിശോധിച്ച് തുടർനടപടികളൊന്നും സ്വീകരിച്ചില്ല.

16.12.2009 തീയതിയിലെ നം.45979/എഫ്.എം.3/2009/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിനോദ നികുതി വെട്ടിപ്പ് പൂർണ്ണമായും ഒഴിവാക്കുന്നതിന് പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ നഗരസഭ അവഗണിക്കുകയാണുണ്ടായത്. സർക്കുലർ പ്രകാരം തിയേറ്ററിൽ ദിവസേനെ പരിശോധന നടത്തേണ്ടതും ആയതിന് പുറമെ വിശേഷ ദിനങ്ങളിൽ സൂപ്പർചെക്കും മിന്നൽ പരിശോധനയും നടത്തേണ്ടതും ,പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് നഗരസഭാ സെക്രട്ടറി ഒരു ദ്വൈവാര റിപ്പോർട്ട് നഗരകാര്യ റിജീയണൽ ജോയിന്റ് ഡയറക്ടർക്ക്

നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വ്യാജ സീലുകൾ ഉപയോഗിക്കുന്നില്ലെന്നത് ഉറപ്പാക്കേണ്ടതും സിനിമാ പ്രേക്ഷകരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ക്യൂവിന്റെ വീഡിയോ ചിത്രീകരണം നടത്തേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല.
അപാകതകൾ വിശദീകരിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (ഓഡിറ്റ് അന്വേഷണകുറിപ്പ് നം-39, തീയതി.25.10.2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

## 2-9 ഇ.എം.എസ് സ്മാരക ടൗൺ ഹാൾ കം ഷോപ്പിംഗ് കോപ്ലക്സ് -വൈദ്യുതി ലഭ്യമാക്കിയില്ല. വരുമാനത്തിൽ കുറവ്

2015 ഒക്ടോബർ 2 ന് ഉദ്ഘാടനം ചെയ്യപ്പെട്ട കൊയിലാണ്ടി നഗരസഭാ ടൗൺഹാൾ കെട്ടിടത്തിന്റെ വൈദ്യുതീകരണം ഓഡിറ്റ് തീയതിവരെയും പൂർത്തീകരിച്ചിട്ടില്ല. 37675366 രൂപ ചെലവഴിച്ചാണ് ടൗൺഹാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 12.11.2014 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(എം.എസ്) നം-2959/14/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും മൂന്ന് കോടി രൂപ വായ്പയും തനത്ഫണ്ടും ഉപയോഗിച്ചാണ് ടൗൺഹാൾ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളത്. പണി പൂർത്തീകരിക്കും മുൻപേ ടൗൺഹാളിലെ 22 മുറികൾ 4000 രൂപ പ്രതിമാസ വാടക നിരക്ക് നിശ്ചയിച്ച് ലേലം ചെയ്തിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് തീയതി വരെയും പ്രസ്തുത മുറികൾ ഏറ്റെടുത്ത് ഉപയോഗിക്കുന്നതിന് ലേലക്കാർക്ക് സാധിച്ചിട്ടില്ല. 2011 ൽ പ്രവൃത്തി ആരംഭിച്ച കെട്ടിടത്തിന് ഓഡിറ്റ് തീയതിവരെയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് സാധിക്കാത്തത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ടൗൺഹാൾ നിർമ്മാണത്തിനായെടുത്ത വായ്പാ തുക തിരിച്ചടക്കുന്നതിന് 2016-17 വർഷം 2289517 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യമായിരുന്നെങ്കിൽ 2016-17 വർഷം 22 ഷോപ്പുകളിൽ നിന്നും 1056000 രൂപ (₹4000X22 എണ്ണം x12മാസം) വാടകയിനത്തിൽ വരവ് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്നു. കോടികൾ ചെലവഴിച്ച് നിർമ്മിച്ച ടൗൺഹാൾ കെട്ടിടത്തിലെ കടമുറികളിൽ നിന്നും പ്രതീക്ഷിച്ച വാടക വരുമാനം ലഭ്യമാകാത്തതിനാൽ വായ്പ തിരിച്ചടവ് നഗരസഭക്ക് ബാദ്ധ്യതയായി തീർന്നിട്ടുണ്ട്. ഭാവിയിൽ മേൽ ബാദ്ധ്യത നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകും.

2016-17 ൽ ടൗൺ ഹാൾ കം ഷോപ്പിംഗ് കോപ്ലക്സിലെ ടൗൺഹാൾ,മിനി ഓഡിറ്റോറിയം എന്നിവയിൽ നിന്നും വാടകയിനത്തിൽ 94250 രൂപ നഗരസഭക്ക് ലഭിച്ചിട്ടുണ്ട്.എന്നാൽ മേൽ വരവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
മേൽ ഓഡിറ്റോറിയങ്ങളുടെ വാടക നിരക്ക് താഴെ ചേർത്ത പ്രകാരമാണ്.

| ടൗൺ ഹാൾ വാടക | | |
|---|---|---|
| ക്രമ നം | ഉപയോഗ ക്രമം | വാടക (₹) |
| 1 | ടിക്കറ്റ് വെച്ചുള്ള പരിപാടി | 40000 |
| 2 | കലാ സാംസ്കാരിക പരിപാടി (ഒരു ദിവസം) | 25000 |

| | | |
|---|---|---|
| 3 | കലാ-സാംസ്കാരിക പരിപാടി (പകുതി ദിവസം) | 15000 |
| 4 | രാഷ്ട്രീയ പാർട്ടികളുടെ പരിപാടി (ഒരു ദിവസം) | 12500 |
| 5 | രാഷ്ട്രീയ പാർട്ടികളുടെ പരിപാടി (അര ദിവസം) | 6250 |
| 6 | വിവാഹം | 40000 |
| മിനി ഓഡിറ്റോറിയം വാടക | | |
| 1 | മുഴുവൻ ദിന വാടക | 5000 |
| 2 | അർദ്ധ ദിന വാടക | 3000 |

ടൗൺഹാൾ പ്രവർത്തിക്കുന്നതിന് താത്കാലിക സംവിധാനമെന്ന നിലയിൽ ഡീസൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട് . നഗരസഭാ കൗൺസിലിന്റെ 24.10.2016 തീയതിയിലെ 18-ാം നമ്പർ തീരുമാന പ്രകാരം കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലെന്ന വസ്തുത പരിഗണിച്ച് ഓഡിറ്റോറിയങ്ങളുടെ വാടക നിരക്കുകൾ നേർ പകുതിയായി പുന:നിർണ്ണയിക്കുകയുണ്ടായി. ടൗൺഹാൾ പ്രവർത്തിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലുണ്ടായ വീഴ്ച മൂലം ടൗൺഹാൾ വരുമാന ഇനത്തിൽ ഭീമമായ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാകുന്നു.

11.01.2016 ലെ സ.ഉ.(എം. എസ് ) 4/2016/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(xiii) സി പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രൊജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം എന്ന് സ്പഷ്ടമാക്കുന്നുണ്ട്. പദ്ധതി ആസൂത്രണ പ്രക്രിയയിൽ ടൗൺ ഹാൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ഉറപ്പാക്കപ്പെട്ടിട്ടില്ല എന്നത് വ്യക്തമാണ്.

ടൗൺഹാളിന് അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 വാടക വരവിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ വാടക വരവ് രജിസ്റ്ററിലെ കണക്കും വാർഷിക ധനകാര്യപത്രികയിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

| | ഡിമാന്റ് | | വരവ് | | കുടിശ്ശിക | |
|---|---|---|---|---|---|---|
| | രജിസ്റ്റർ | വാർഷിക ധനകാര്യ പത്രിക | രജിസ്റ്റർ | വാർഷിക ധനകാര്യ പത്രിക | രജിസ്റ്റർ | വാർഷിക ധനകാര്യ പത്രിക |
| കുടിശ്ശിക | 182735 | 897322 | 139192 | 837664 | 43543 | 59658 |
| തൻവർഷം | 8565052 | 7739902 | 7859462 | 7320712 | 705590 | 419190 |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തൻവർഷത്തേയും മുൻവർഷങ്ങളിലേയും

വാടക കുടിശ്ശിക പിരിവ് പരിശോധിക്കാൻ സാധിച്ചില്ല.1994 ലെ മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 567 പ്രകാരം നഗരസഭാ കൗൺസിലിനു നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത രീതിയിൽ ബൈലോകൾ ഉണ്ടാക്കാനധികാരം ഉണ്ട്.കുടുംബ ശ്രീ വിപണനകേന്ദ്രം, പുതിയ ബസ് സ്റ്റാന്റ് കെട്ടിടം, പുതിയ ബസ് സ്റ്റാന്റ് അനക്സ് കെട്ടിടം, നഗരസഭാ സാംസ്കാരിക നിലയം കെട്ടിടം എന്നിവയിലെ മുറികൾ വാടകയ്ക്ക് നൽകുവാൻ തയ്യാറാക്കിയ ബൈലോകൾ പരിശോധനയിക്ക് ലഭ്യാമാക്കിയിട്ടുണ്ട്.എന്നാൽ ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.

ബൈലോകൾ പ്രകാരം പ്രതിമാസ വാടക അതാത് മാസം 5-ാം തീയതിക്കകം മുൻകൂർ ആയി നഗരസഭ ഓഫീസിൽ അടക്കേണ്ടതാണ്. എന്നാൽ 2016-17 ൽ നഗരസഭ കെട്ടിടങ്ങളിലെ പല സ്ഥാപനങ്ങളും ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. 3 മാസം തുടർച്ചയായി വാടക അടയ്ക്കാത്ത പക്ഷം ലൈസൻസിയുടെ കുത്തകാവകാശം നഷ്ടപ്പെടുന്നതും അങ്ങനെയുള്ള മുറികൾ വീണ്ടും ലേലം ചെയ്ത് പുതുതായുള്ള ലേലക്കാർക്ക് നൽകുന്നതുമാണെന്ന് ബൈലോയിൽ പറയുന്നുണ്ടെങ്കിലും നഗരസഭ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ മുറി നം | ലൈസൻസി | 3മാസത്തിൽ കൂടുതൽ വാടക അടയ്ക്കാത്ത കാലയളവ് |
|---|---|---|---|
| 1 | 18/498 C11 | സരോജ ക്ലോത്ത് ബാഗ് മാർക്കറ്റിംഗ് | ഏപ്രിൽ 2016 മുതൽ സപ്റ്റംബർ 2016വരെ |
| 2 | 25/406 A3 | രാജീവൻ | ഏപ്രിൽ 2016 മുതൽ മാർച്ച് 2017 വരെ |
| 3 | 25/406 E | ബാബു.കെ | ഏപ്രിൽ 2016 മുതൽ സപ്റ്റംബർ 2016വരെ |

ബൈലോകൾ പ്രകാരം നഗരസഭയുടെ കെട്ടിടങ്ങളുടെ ഓരോ നിലയിലുമുള്ള മുറികൾക്കെല്ലാം ഏകീകൃത നിരക്കിലാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 2016-17 വർഷം ഒരേ നിലയിലുള്ള മുറികൾക്കു തന്നെ വ്യത്യസ്ത നിരക്കാണ് ഈടാക്കിയിരിക്കുന്നത്. വ്യത്യസ്ത നിരക്ക് ഈടാക്കിയതിന്റെ കാരണവും ഓരോ വർഷവും എത്ര ശതമാനമാണ് വാടക വർധനവ് വരുത്തുന്നതെന്നുള്ള വിവരവും ലഭ്യമല്ല. വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളിലെ മുറികളുടെ എണ്ണം, വരവിന്റെ ഡിമാന്റ് ,കലക്ഷൻ, കുടിശ്ശിക എന്നിവ വെവ്വേറെ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-37/16-17,തീയതി 26.10.2017) മറുപടി ലഭിച്ചിട്ടില്ല.

## 2-11 തൊഴിൽ നികുതി-അപാകതകൾ

2016-2017 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ മുൻവർഷങ്ങളിലെ അരിയർ തുകയായ 1,77,612 രൂപയും തൻവർഷത്തെ അരിയർ തുകയായ

5,13,800 രൂപയും കൊയിലാണ്ടി നഗരസഭയ്ക്ക് ലഭിക്കേണ്ടതുണ്ട്.എന്നാൽ കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പിരിച്ചെടുക്കാതെ ബാക്കിയായ തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.മാത്രമല്ല 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്,വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

കൊയിലാണ്ടി നഗരസഭയിലെ വിവിധ വാർഡുകളിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതു പ്രകാരം 1,2,29,30,32 വാർഡുകളിൽ ഏതാനും വ്യക്തികളുടെ പേരിനു നേർക്കു മാത്രമാണ് നികുതി ഒടുക്കിയ തീയതിയും രശീത് നമ്പരും തുകയും രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററുകളിൽ തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

i)കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത താഴെപ്പറയുന്ന കരാറുകാരുടെ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) രാഘവൻ.കെ, കൊയിലിൽ ഹൗസ്, കടലൂർ പി.ഒ, നന്തി

2) സയിദ് അഹമ്മദ്, ബീച്ച് റോഡ്, കൊയിലാണ്ടി

3) ടി.എം.ദാമോദരൻ നായർ, ദിവ്യ, മുചുകുന്ന് പി.ഒ, കൊയിലാണ്ടി

4) വൽസൻ.വി, വലിയിൽ, മുചുകുന്ന് പി.ഒ, കൊയിലാണ്ടി

5) രാംജിത്ത്.പി.എം, പറമ്പത്ത് മീത്തൽ, മേപ്പയൂർ

6) ഗോപാലൻ.കെ.വി, പറമ്പത്ത് മീത്തൽ, മേപ്പയൂർ

7) സി.പി.ശ്രീകുമാർ, ശ്രീരാഗിഷ്മ, മേലൂർ

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്ന് 16-17 ലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രശീത് നമ്പരും തീയതിയും സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം-35/16-17,തീയതി 26.10.2017 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 254, 256 വകുപ്പുകളിലേയും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്.

എന്നാൽ കൊയിലാണ്ടി നഗരസഭയിലെ ചില സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. എന്നാൽ ചില സ്ഥാപനങ്ങൾ സമർപ്പിച്ച പത്രികകളിൽ അടിസ്ഥാന ശമ്പളത്തിന്റെയോ ആറ് മാസത്തെ ശമ്പളത്തിന്റെയോ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശമ്പളത്തിന്റെ പൂർണ്ണ വിവരങ്ങൾ നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കാവുംവട്ടം യു.പി.സ്കൂൾ |
| 2 | എം.എം.ഹോസ്പിറ്റൽ, കൊയിലാണ്ടി |
| 3 | ട്രാഫിക് യൂണിറ്റ്, കൊയിലാണ്ടി |
| 4 | എം.ജി.കോളജ്, കൊയിലാണ്ടി |
| 5 | ഈഡൻ യു.പി. സ്കൂൾ, കൊയിലാണ്ടി |
| 6 | ഇന്ത്യൻ പബ്ലിക് സ്കൂൾ, കൊയിലാണ്ടി |
| 7 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കൊയിലാണ്ടി |
| 8 | ഗവ.പ്രീ പ്രൈമറി സ്കൂൾ, കൊയിലാണ്ടി |
| 9 | ഗുരുദേവ കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കൊയിലാണ്ടി |
| 10 | പോലീസ് സ്റ്റേഷൻ, കൊയിലാണ്ടി |
| 11 | ചെമ്മണ്ണൂർ ഫാഷൻ ജ്വല്ലേഴ്സ്, കൊയിലാണ്ടി |
| 12 | ഐ.സി.എസ് സെക്കന്ററി സ്കൂൾ, കൊയിലാണ്ടി |
| 13 | കൃഷി ഭവൻ, കൊയിലാണ്ടി |
| 14 | കാനറ ബാങ്ക്, കൊയിലാണ്ടി |
| 15 | ഐ.സി.ഐ.സി.ഐ ബാങ്ക്, കൊയിലാണ്ടി |
| 16 | ബ്രില്ല്യൻസ് കോളജ്, കൊയിലാണ്ടി |
| 17 | ന്യൂ ഇന്ത്യ അഷ്വർൻസ് കോ ലി. |
| 18 | കെ.ഡി.സി ബാങ്ക്, കൊയിലാണ്ടി |
| 19 | ശ്രീ ഗുരുവായൂരപ്പൻ ചിട്ട് ഫണ്ട്സ്, കൊയിലാണ്ടി |

iii)തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്,വകുപ്പ് 245 പ്രകാരം ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് ഇടപാട് ഓരോ സ്ഥാപനങ്ങളുടേയും മേൽ തൊഴിൽ

നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ട്.കൊയിലാണ്ടി നഗരസഭയിലെ 2016-17 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങൾ,ചട്ടം 3(2) മുതൽ (11)പ്രകാരം 16-17 വർഷത്തിൽ തൊഴിൽ നികുതി ഒടുക്കാത്ത കമ്പനികളുടെയും ബിസിനസ്സ് നടത്തുന്നവരുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വാർഡ് നമ്പർ |
|---|---|---|
| 1 | കൃഷ്ണ മെറ്റൽസ് | 2 |
| 2 | എം.കെ.ഏജൻസീസ് | 10 |
| 3 | അതുല്യ ഗാർമെന്റ്സ് | 17 |
| 4 | ബെസ്റ്റ് വുഡ് ഫർണിച്ചർ | 17 |
| 5 | മൈസൂർ ഗാർമെന്റ്സ് | 17 |
| 6 | ടി.കെ.ഫർണിച്ചർ | 18 |
| 7 | അമ്പിളി ഫാഷൻ | 18 |
| 8 | പ്ലസ് കൺസ്ട്രക്ഷൻസ് | 18 |
| 9 | അഹല്യ ഫൈനാൻസ് | 18 |
| 10 | ഗാലക്സി എന്റർപ്രൈസസ് | 18 |
| 11 | സുന്ദരം ഫൈനാൻസ് | 19 |
| 12 | മണപ്പുറം ഫൈനാൻസ് | 19 |
| 13 | കല്യാൺ മെറ്റൽസ് | 24 |
| 14 | ഐശ്വര്യ ഹാന്റ്ലൂം | 24 |
| 15 | ബലരാമ ഫാർമസി | 24 |
| 16 | നാഷണൽ ഇലക്ട്രിക്കൽസ് | 24 |
| 17 | മാക്സ് ഹോം അപ്ലയൻസ് | 24 |
| 18 | സംഗീത ജ്വല്ലറി | 25 |
| 19 | കെ.ടി.സി പാർസൽ സർവീസ് | 25 |
| 20 | നിത്യ ലാബ് | 25 |
| 21 | സൂരജ് ഓഡിറ്റോറിയം | 26 |
| 22 | ധനകോടി ചിട്ട്സ് | 26 |
| 23 | ഫെഡറൽ ബാങ്ക് | 26 |
| 24 | അമൃത സ്റ്റുഡിയോ | 26 |
| 25 | വോഡഫോൺ സ്റ്റോർ | 26 |
| 26 | ഐഡിയ മൊബൈൽ | 27 |

| | | |
|---|---|---|
| 27 | യൂണിറ്റി ഡന്റൽ ക്ലീനിക് | 27 |
| 28 | ബാങ്ക് ഓഫ് ബറോഡ | 27 |
| 29 | റിലയൻസ് ലൈഫ് ഇൻഷുറൻസ് | 27 |
| 30 | യൂണിവേഴ്സൽ കോളജ് | 27 |
| 31 | ബ്രദേഴ്സ് എന്റർപ്രൈസസ് | 27 |
| 32 | വിജയാ ബാങ്ക് | 27 |
| 33 | അപെക്സ് ഇന്റർനാഷണൽ | 28 |
| 34 | കോർപ്പറേഷൻ ബാങ്ക് | 28 |
| 35 | പാർക്ക് റസിഡൻസി | 28 |
| 36 | സി.കെ.ട്രേഡേഴ്സ് | 29 |
| 37 | പോപ്പുലർ വെഹിക്കൾസ് & സർവീസസ് | 31 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രശീത് നമ്പരും തീയതിയും സഹിതം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം-36/16-17, തീയതി 26.10.2017 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 2-12 പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 208 എ (1)പ്രകാരം ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (മുനിസിപ്പൽ പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ മുനിസിപ്പാലിറ്റിയുടെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. അകലാപുഴ, നെല്ല്യാടിപ്പുഴ എന്നിവയുടെ ഭാഗങ്ങൾ കടന്നുപോകുന്ന നഗരസഭയിൽ മേൽ വകുപ്പുപ്രകാരം നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ ,ഇവ സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ശ്രീ സി.കെ ഗോപി എന്നവർക്ക് സർവ്വേ നമ്പർ RS 43 ലുള്ള 17 സെന്റ് സ്ഥലം കാലാകാലങ്ങളിലായി ലീസിന് നല്കുന്നത് മാത്രമാണ് ഇതിനപവാദമായിട്ടുള്ളത്. മേൽ സെക്ഷന്റെ ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി നഗരസഭ നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ

തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്. മേൽ വകുപ്പ് പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ഭൂമി നഗരസഭയുടെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം നൽകേണ്ടതും, നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – സമാഹരിച്ച 8.93 കോടി രൂപ വിനിയോഗിക്കാൻ കഴിഞ്ഞില്ല

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.252 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 61.7% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 8.93 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 68070164/- | 55778965/- | 81.94 |
| 2 | പ്ലാൻ ഫണ്ട് SCP | 19771416/- | 12414514/- | 62.79 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 81334152/- | 46045488 | 56.61 |
| 4 | ലോകബാങ്ക് ധനസഹായം | 14222393/- | 5731762/- | 40.30 |
| 5 | കേന്ദ്ര ധനസഹായം | 5193791/- | 1771492/- | 34.10 |
| 6 | സംസ്ഥാന ധനസഹായം | 551862/- | 551862/- | 100 |
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 14739755/- | 6042835 | 40.99 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 13967460/- | 9911521 | 70.96 |
| 9 | തനത് ഫണ്ട് | 3059402/- | 1099649 | 35.94 |
| 10 | മറ്റുള്ളവ | 12428249/- | 2162875 | 17.40 |
| ആകെ | | 233338644/- | 141510963 | 61.7 |

പ്ലാൻ ഫണ്ട് ജനറൽ,എസ്.സി.പി,ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് നോൺ റോഡ് എന്നീ ഗ്രാന്റുകളുടെ കാര്യത്തിൽ വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയും യഥാർത്ഥ അലോട്ട്മെന്റും തമ്മിൽ വ്യത്യാസപ്പെട്ടിട്ടുണ്ട്. ഈ ഇനങ്ങളിൽ ആകെ 18.39 കോടി വകയിരുത്തിയപ്പോൾ യഥാർത്ഥ അലോട്ട്മെന്റ് 15.82 കോടി മാത്രമേ ലഭ്യമായിട്ടുള്ളൂ.

പ്ലാൻ ഫണ്ടിൽ നിന്നും (ജനറൽ) 82%വും MG(R) ൽ നിന്നും 74% വും ചെലവഴിച്ചപ്പോൾ , മെയിന്റനൻസ് ഗ്രാന്റ് (NR) ഉൾപ്പടെയുള്ള സർക്കാർ ഗ്രാന്റുകളിൽ നിന്നും ചെലവ് വളരെ കുറവാണെന്നു കാണാം. ക്രമനം 1 മുതൽ 4 വരെയുള്ളവയുടെയും ക്രമനം 7, 8 എന്നിവയുടെയും കാര്യത്തിൽ തുക കിടക്കുന്നത് കൺസോളിഡേറ്റഡ് ഫണ്ടിലായതിനാൽ നീക്കിയിരിപ്പുതുക 16-17 വർഷാവസാനം ലാപ്സായിരിക്കുകയാണ്. ഇതിൽ എത്രത്തോളം തുക തിരികെ കിട്ടുമെന്ന കാര്യത്തിൽ വ്യക്തതയില്ലാത്തതിനാൽ, ഫലത്തിൽ മേൽ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 7.17 കോടി രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയി രുത്തിയ തുക(ലക്ഷത്തിൽ) | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | അസി.എക്സി. എഞ്ചിനീയർ | 162 | 112 | 1119.88 | 595.83 | 53.2 |
| 2 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീർ | 1 | 0 | 36 | 0 | 0 |
| 3 | ഹെൽത്ത് ഓഫീസർ | 5 | 3 | 155.93 | 69.75 | 44.73 |

162 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്ടുകളുടെ 64% വും ആകെ വകയിരുത്തിയ തുകയുടെ 48% വും പൊതുമരാമത്ത്, കുടിവെള്ളം എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെ യാണ് ചുമതലയേല്പിച്ചിരിക്കുന്നത്. ഇതിൽ 112 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്. തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ച തുകയിൽ ഭൂരിഭാഗവും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്നു കാണാം.

36 ലക്ഷം വകയിരുത്തി തുകയൊന്നും വിനിയോഗിക്കാത്ത ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറും, വകയിരുത്തിയ തുകയുടെ 44% മാത്രം വിനിയോഗിച്ച ഹെൽത്ത ഓഫീസറും, കൂടാതെ വിനിയോഗത്തിൽ കുറവ് വന്ന സെക്രട്ടറി, കൃഷി ഓഫീസർ, വെറ്റിനറി സർജൻ, പ്രൊജക്ട് ഓഫീസർ തുടങ്ങിയവരും ഫണ്ട് നഷ്ടപ്പെട്ടതിൽ ഉത്തരവാദികളാണ്. മുനിസിപ്പാലിറ്റിയുടെ പുരോഗതിയ്ക്ക് സമയബന്ധിതമായി, തുക വിനിയോഗിക്കാത്തതും, വൻ തുക മുനിസിപ്പാലിറ്റി ഫണ്ടിന് നഷ്ടം വരുത്തിയതും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

## **3-2** <u>എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം , ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുത്തിയതിൽ അപാകത</u>

നിർവ്വഹണം: മുനിസിപ്പൽ എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പുതുതായി രൂപീകരിച്ച് നിർവ്വണം നടത്തിയ മരാമത്തുപ്രവത്തികളുടെ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് പ്രൈസ് എൽ.എസ്.ജി.ഡി സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഈ പ്രവത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്, DSR നിരക്കിനൊപ്പം കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്ജ്, 38.1% നിരക്കിൽ കോസ്റ്റ് ഇൻഡെക്സ് എന്നിവ ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്ജ് എന്നിവയുടെ കാര്യത്തിൽ DSR പ്രകാരമുള്ള അടിസ്ഥാന നിരക്കിനൊപ്പം മേൽ ഇനങ്ങളിലെ ആകെ ശതമാനം കണക്കാക്കി കൂട്ടുന്നതിനു പകരം, കരാറുകാരന്റെ ലാഭമിനത്തിൽ അടിസ്ഥാന നിരക്കിന്റെ 10% കണക്കാക്കി അടിസ്ഥാന നിരക്കിനൊപ്പം കൂട്ടി, മേൽ സംഖ്യയുടെ 10% കണക്കാക്കി ഓവർഹെഡ് ചാർജ്ജിനത്തിൽ അടിസ്ഥാനനിരക്കിനൊപ്പം കൂട്ടിയാണ് ആകെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ ഫലമായി കരാറുകാരന്റെ ലാഭത്തിന്റെ 10% കൂടി ഓവർഹെഡ് ചാർജ്ജിനത്തിൽ കരാറുകാരന് ലഭിക്കാനിടയായിട്ടുണ്ട്. കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്ജ് എന്നീയിനങ്ങളിൽ അനർഹമായ നിരക്ക് നല്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-3 സാധനങ്ങൾ വാങ്ങിയത്- പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല

നഗരസഭയിലെ നിർവ്വഹണഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു.ഇതനുസരിച്ച് സാധനങ്ങൾ/ സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ /നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയും, പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചെന്ന് വരുത്തിതീർക്കാൻ, നടപടിക്രമങ്ങൾ പ്രൊക്വർമെന്റ് കമ്മിറ്റിയെക്കൊണ്ട് അംഗീകരിപ്പിക്കുകയെന്ന കാര്യം മാത്രം ചെയ്തതായും കാണുന്നു. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം നടപടികൾ പാലിക്കാതെ 45 ലക്ഷത്തില്പരം രൂപയുടെ വാങ്ങലുകൾ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി നടത്തിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ സാധനം | ചെലവ് തുക/ബിൽ നം | സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 160/16- മുനിസിപ്പൽ ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | സ്റ്റീൽ അലമാര-7<br>കമ്പ്യൂട്ടർ ചെയർ-9<br>സ്റ്റീൽ ചെയർ-10<br>സ്റ്റീൽ ടേബിൾ-4 | 220069/-<br>26/27.2.17 | സിഡ്കോ |
| 2 | ടി | 61/17- ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | ആയുർ വേദ മരുന്നുകൾ | 1000000/-<br>11/22.10.16 | ഔഷധി |
| 3 | വെറ്റിനററി സർജൻ | 278/17-മൃഗാശുപത്രി അനുബന്ധസേവനം മെച്ചപ്പെടുത്തൽ | സ്റ്റീൽ അലമാര-3<br>സ്റ്റീൽ സ്ലോട്ടഡ് ഏങ്കിൾ റാക്ക്-2<br>ഇൻഡെക്ഷൻ കുക്കർ-1<br>ബില്ലിംഗ് മെഷീൻ-1<br>സ്റ്റീൽ റാക്ക്-1<br>മരുന്ന് പെട്ടി | 77120/-<br>5/28.3.17 | കാഡ്കോ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 79/17-അങ്കണവാടി കൾക്ക് ഫർണ്ണിച്ചർ | സ്റ്റീൽ അലമാര-15<br>കമ്പ്യൂട്ടർ ചെയർ-20<br>ചെയർ-200<br>ചെയർ-64 | 399793/-<br>13/27.3.17<br>40011/-<br>14/28.3.17 | സിഡ്കോ<br>കാഡ്കോ |

| | | | | | |
|---|---|---|---|---|---|
| 5 | ടി | 78/17-അംഗൻവാടി കൾക്കും ശിശുമന്ദിര ത്തിനും കളിപ്പാട്ടങ്ങൾ | ചിൽഡ്രൻ മാജികാർ-67<br>ചിൽഡ്രൻ-25 | 249679/-<br>15/28.3.17 | കാഡ്കോ |
| 6 | ടി | 73/17-അംഗൻവാടി കൾക്ക് വെയിംഗ് മെഷീൻ | വെയിംഗ് മെഷീൻ-25 | 34722/-<br>12/27.3.17 | |
| 7 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 98/17 -മത്സ്യതൊഴിലാളി കളുടെ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 200 | 799200/-<br>2/27.3.17 | കാഡ്കോ |
| 8 | ടി | 94/17- കടൽമത്സ്യതൊഴിലാളി കൾക്ക് മത്സ്യ ബന്ധനയാനം | 15 | 217500/-<br>5/28.3.17 | റെയ്ഡ്കോ |
| 9 | ടി | 92/17- ഉൾനാടൻമത്സ്യതൊഴി ലാളികൾക്ക് വള്ളവും വലയും | 9 | 101250/-<br>4/28.3.17 | |
| 10 | ഹോമിയോ മെഡിക്കൽ ഓഫീസർ | 90/17-മരുന്നുവാങ്ങൽ | ഹോമിയോ മരുന്ന് | 500000/-<br>1/4.3.17 | ഹോമ്കോ |
| 11 | വെറ്റിനററി സർജൻ | 82/17-മരുന്ന് വാങ്ങൽ | മരുന്ന് | 7920/-<br>1/29.2.17<br>150000/-<br>4/28.3.17 | J J ഫാർമസി |
| 12 | SCDO | 51/17-ലാപ് ടോപ് വിതരണം | ലാപ്ടോപ് | 558000/-<br>37/29.3.17 | DG ബിസിനസ്സ് ലൈൻസ് |
| 13 | SCDO | 100/17- പഠനോപകരണങ്ങൾ വിതരണം ചെയ്യൽ | | 158640/-<br>32/29.3.17 | കാഡ്കോ |
| ആകെ ചെലവ് | | | | 4513904/- | |

വിവിധ പ്രൊജക്റ്റുകളുടെ ഭാഗമായി ഒരേതരം സാധനങ്ങൾ തന്നെ ഒരേ സ്ഥാപനത്തിൽ നിന്നും വിവിധ സമയങ്ങളിലായി വാങ്ങിയതായി മേൽ വിശദാംശങ്ങളിൽ നിന്നും വ്യക്തമാകുന്നു (ഉദാ: കാഡ്കോ, സിഡ്കോ എന്നിവയിൽ നിന്നുള്ള വാങ്ങലുകൾ) .

വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിന് വിധേയമാക്കുകയെന്ന പ്രസക്തമായ നിർദ്ദേശവും ഓഡിറ്റ് വർഷത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

പ്രൊക്യർമെന്റ് മാന്വലിന് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയത് വിശദീകരിക്കപ്പെടേണ്ടതാണ്.

## 3-4 അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിലും ഉപയോഗിക്കുന്നതിലും കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു

അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 93 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണത്തിനായി ആകെ വിനിയോഗിച്ച തുക | കേന്ദ്രവിഹിതമായി ലഭിച്ച തുക | കേന്ദ്രവിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 3264767 | 2374572 | -- | 2275901 | 988866 | 69.71 |
| 2013-14 | 6809934 | 821662 | -- | 6700000 | 109934 | 98.38 |
| 2014-15 | 8160568 | 876975 | 178872 | 6998293 | 983403 | 85.75 |
| 2015-16 | 8499696 | 931132 | -- | 8499696 | -- | 100 |
| 2016-17 | 6115492 | 1138074 | 115492 | 6000000 | -- | 98.11 |
| ആകെ | 32850457 | 6142415 | 294364 | 30473890 | 2082203 | 92.76 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി

ലഭിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 18.7% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. മേൽ തുകയിൽ നിന്നും തന്നെ 2376567/- രൂപ (തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2082203/-രൂപയും കേന്ദ്രഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച 294364/- രൂപയും ഉൾപ്പടെ) മാത്രമാണ് പോഷകാഹാര പരിപാടിയ്ക്ക് വിനിയോഗിച്ചിരിക്കുന്നത്. ഇതിൽ നിന്നും താഴെ പറയുന്ന അപാകതകൾ, വിനിയോഗത്തിൽ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു.

1) കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 18.7% തുക മാത്രം കേന്ദ്ര ധനസഹായമായി ലഭ്യമായതിനാൽ 31.3% തുകയായ 1.03 കോടി രൂപയുടെ കുറവ് സ്ഥാപനത്തിനുണ്ടായിട്ടുണ്ട്.

2) കേന്ദ്രഫണ്ടിന്റെ കുറവ് 1.03 കോടി രൂപ മാത്രമാണെങ്കിലും 1.4 കോടി രൂപ വികസനഫണ്ടിൽ നിന്നും സ്ഥാപനം വിനിയോഗിച്ചിട്ടുണ്ട്. (37.65 ലക്ഷം രൂപ കൂടുതൽ വിനിയോഗിച്ചു) ലഭ്യമായ കേന്ദ്രഫണ്ട് മുഴുവൻ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചതാണ് അപാകതയ്ക്ക് കാരണം. ഇതുമൂലം പദ്ധതി വിഹിതത്തിൽ നിന്നും 37.65 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തതും, ലഭിച്ച തുക പോലും പദ്ധതിക്ക് വിനിയോഗിക്കാതെ പ്ലാൻ ഫണ്ട് വിനിയോഗിച്ചതും വീഴ്ചകളാണ്. മറ്റ് മേഖലകളിൽ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട വൻതുക ഇതുമൂലം വക മാറ്റപ്പെട്ടു. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-5 അനധികൃതമായി എൽ.ടി.സി. ആനുകൂല്യം അനുവദിച്ചു

2016-17 വർഷത്തിൽ കൊയിലാണ്ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച താഴെപ്പറയുന്ന ചെലവിന്റെ വിശദാംശങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | ജി.1/11170/2016 |
| വൗച്ചർ നമ്പർ | 876/02/18.02.2017 |
| തുക | 104460/- |
| ചെക്ക് നമ്പർ | ടി.എസ്.ബി. ചെക്ക് നം. 1431787/18.2.2017 |
| ചെലവിനം | നഗരസഭ ജീവനക്കാരന് എൽ.ടി.സി. ആനുകൂല്യം നൽകിയത്. |
| ചെലവിന് അനുമതി | 26.9.2016 തിയ്യതിയിലെ 30 -ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാനം |

ശ്രീ.വി.പി.ഉണ്ണികൃഷ്ണൻ ( കൊയിലാണ്ടി നഗരസഭ സൂപ്രണ്ട്), ഭാര്യ ശ്രീമതി. ജീന, മക്കളായ അഖിൽ കൃഷ്ണ, ആത്മശ്രീ എന്നിവരാണ് 09.10.2016 – 17.10.2016 കാലയളവിൽ

അവധിക്കാലയാത്ര നടത്തിയത്. ഉദ്യോഗസ്ഥൻ സമർപ്പിച്ച എൽ.ടി.സി. ബിൽ പാർട്ട് എ ( ഓഫീസ് കോപ്പി) പ്രകാരം ഇവർ സന്ദർശിച്ച സ്ഥലങ്ങൾ, ദൂരം, യാത്രാരീതി, ക്ലെയിം തുക എന്നിവയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | യാത്ര | | യാത്രാ രീതി | ക്ലെയിം തുക(രൂപ) |
|---|---|---|---|---|
| | ആരംഭം | അവസാനം | | |
| 1 | കോഴിക്കോട് | ചണ്ഡീഗർ | റെയിൽ വേ ( 2 ക്ലാസ് എ.സി) | 30000/- എന്നാൽ ബില്ലിൽ തുക 14400/- ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| 2 | ചണ്ഡീഗർ | സിംല | റോഡ് മിനി ബസ് (എ.സി) | 8000/- |
| 3 | സിംല | മനാലി | -ടി- | 16000/- |
| 4 | മനാലി | അമൃത് സർ | -ടി- | 24000/- |
| 5 | അമൃത്സർ | ഡൽഹി | -ടി- | 12640/- |
| 6 | ഡൽഹി | ആഗ്ര | -ടി- | 12000/- |
| 7 | ഡൽഹി | കോഴിക്കോട് | റെയിൽ വേ ( 2 ക്ലാസ് എ.സി) | 17420/- |
| ആകെ | | | | 104460/- |

ഫയൽ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 02.01.2013 തിയ്യതിയിലെ ജി.ഒ. (പി) 5/2013/ഫിൻ. ഖണ്ഡിക 5(3) പ്രകാരം യാത്രയുടെ ഒറിജിനൽ ടിക്കറ്റുകൾ ക്ലെയിമിനോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. അൽ ഹിന്ദ് ടൂർസ് ആന്റ് ട്രാവൽസ് (പ്രൈ) ലിമിറ്റഡ്, ക്രിയേറ്റ് ഇന്ത്യ ട്രിപ് .കോം എന്നീ ടൂർ ഓപ്പറേറ്റർമാർ തങ്ങൾ നൽകിയ സേവനം വിശദമാക്കി നൽകിയ കത്തുകൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. ഇവ ഒറിജിനൽ ടിക്കറ്റുകൾക്ക് പകരമാകുന്നില്ല.

2. എൽ.ടി.സി. ആനുകൂല്യം കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ കുടുംബത്തെ സംബന്ധിക്കുന്ന വിവരങ്ങൾ, മേൽ പരാമർശിച്ച ഉത്തരവ് ഖണ്ഡിക 4- എ-(ii) ലെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

3. യാത്ര ചെയ്ത കുട്ടികളുടെ വയസ്സ് വ്യക്തമല്ല. കുട്ടികൾക്ക് അവരുടെ പ്രായത്തിന് അനുസൃതമായ യാത്രാക്കൂലി മാത്രമേ ഈടാക്കിയിട്ടുണ്ടാകൂ എന്നതിനാൽ ആയതിന് മാത്രമേ എൽ.ടി.സി. ഇനത്തിൽ അർഹതയുള്ളൂ.

4. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് ഖണ്ഡിക 4c - പ്രകാരം "Government assistance will be limited to the fare by the shortest direct route calculated on a thorough ticket fare,irrespective of the fact whether the journey was performed by shortest or any other route " എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 4(ബി) പ്രകാരം നിർവചിച്ച "ഹോം ടൗൺ " ൽ നിന്നും ഖണ്ഡിക 6,7 എന്നിവ പ്രകാരം നിർവ്വചിച്ച " പ്ലേസ് ഓഫ് വിസിറ്റ്" ലേക്കും തിരിച്ചും ഖണ്ഡിക 4(സി) പ്രകാരം അനുവദനീയമായ ടിക്കറ്റ് നിരക്കുകൾക്ക് മാത്രമേ അപേക്ഷകന് എൽ.ടി.സി. ഇനത്തിൽ അർഹതയുള്ളൂ. ഇതല്ലാതെ എല്ലാ " പ്ലേസസ് ഓഫ് വിസിറ്റ് " ലേക്കുമുള്ള യാത്രാക്കൂലിയ്ക്ക് എൽ.ടി.സി. ഇനത്തിൽ അപേക്ഷകന് അർഹതയില്ല. തപാൽ നമ്പർ 11170/16/23.9.2016 നമ്പർ കത്തിൽ അപേക്ഷകൻ സെക്രട്ടറിയെ അറിയിച്ച പ്രകാരം 09.10.2016-17.10.2016 കാലയളവിൽ പഞ്ചാബ്, ന്യൂഡൽഹി എന്നിവിടങ്ങളിൽ സന്ദർശനം നടത്തുന്നതിന് അനുവാദമാണ് അപേക്ഷിച്ചിട്ടുള്ളത്. കൃത്യം ഒരു സ്ഥലം ഇവിടെ വ്യക്തമാക്കിയിട്ടില്ല.

കൂടാതെ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് ഖണ്ഡിക 7 പ്രകാരം " പ്ലേസ് ഓഫ് വിസിറ്റ്" മുൻകൂട്ടി കൃത്യമായി ഡിക്ലയർ ചെയ്യേണ്ടതും ആയത് യാത്ര തുടങ്ങിയ ശേഷം മാറ്റാൻ പാടില്ലാത്തതുമാണ്.

സർക്കാർ ഉത്തരവിന് വിരുദ്ധമായ 1,04,460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## **3-6** <u>നടപ്പാത നിർമ്മാണം -ക്വാറിമക്ക് വിനിയോഗിച്ചതിന്റെ ആവശ്യകത വ്യക്തമല്ല</u>

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട്: 138/17- പുതിയ പുരയിൽ ഫുട്പാത്ത് നിർമ്മാണം

എസ്റ്റിമേറ്റ് തുക:505000/-

ആകെ പ്രവൃത്തിമൂല്യം: 373026/- രൂപ

അവസാന ബിൽ തുക:373026/- ബിൽ നം. 35/27.2.17

കരാറുകാരൻ: സുജേഷ് ബി

അളവുപുസ്തകം: 317/15-16

157 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഫുട്പാത്ത് നിർമ്മിക്കുന്നതിനും 60 മീറ്റർ നീളത്തിൽ ഡ്രെയിനേജ് നിർമ്മിക്കുന്നതിനുമാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. പ്രവൃത്തിയുടെ അപ്പെൻഡിക്സ് ബി ഇനം 1 ആയി 157 മീറ്റർ നീളത്തിൽ 15 cm കനത്തിൽ 1.8 മുതൽ 2.2 വരെയുള്ള വീതികളിൽ മണ്ണ് നിറച്ച് അതിനുമുകളിൽ ഇനം 2 ആയി 10cm കനത്തിൽ ക്വാറിമക്ക് നിറയ്ക്കുകയും അതിനുശേഷം 1:4:8 അനുപാതത്തിൽ 40mm കല്ലുപയോഗിച്ചും 1:2:4 അനുപാതത്തിൽ 20mm കല്ലുപയോഗിച്ചും കോൺക്രീറ്റിംഗുമാണ് ചെയ്തിരിക്കുന്നത്. മേല്പറഞ്ഞ ഇനം 2 ആയി ചെയ്ത ക്വാറിമക്ക് ഫില്ലിംഗ് 34.61m3 ചെയ്തതിന് 1540.8/രൂപ/ m3നിരക്കിൽ 53327/- രൂപ നല്കിയിട്ടുണ്ട്. നടപ്പാതയുടെ നിർമ്മാണത്തിന് ഇപ്രകാരം ചെലവേറിയ ക്വാറിമക്ക് ഉപയോഗിക്കേണ്ടതിന്റെ

ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ, 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റിന് മുകളിൽ 1:2:4 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്താൽ മതിയെന്നിരിക്കെ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തതിന്റെ ആവശ്യകതയും വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ വ്യക്തമായ മറുപടി നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. ആകയാൽ 53327/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതയ്ക്ക് മറുപടി നല്കേണ്ടതുമാണ്.

## 3-7 സേവനനികുതി ,ടെണ്ടർ ഫോറത്തിന്റെ വില്പന നികുതി എന്നിവ ,സമയബന്ധിതമായി ഒടുക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

കൊയിലാണ്ടി SBT യിൽ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള 67273530290 നമ്പർ അക്കൗണ്ടിൽ 3.4.17 തീയതിയിൽ 1279647/- രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടറിന്റെ ഭാഗമായി ആരംഭിച്ച മേൽ അക്കൗണ്ടിൽ ഇ ടെണ്ടർ ഫോറം വില, ആയതിനുള്ള വാറ്റ് എന്നിവയാണ് നിക്ഷേപിക്കപ്പെടുന്നത്. എന്നാൽ ഇതിനുപുറമെ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ സേവനനികുതി കൂടി മേൽ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായി കാണുന്നു. സേവനനികുതി, വാറ്റ് എന്നിവ സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കണമെന്നിരിക്കെ ദീർഘകാലമായി തുക അക്കൗണ്ടിൽ സൂക്ഷിച്ചത് അപാകതയാണ്. ടെണ്ടർ ഫോറം വിലയും, തനത് ഫണ്ടിന്റെ ഭാഗമായതിനാൽ സമയാസമയങ്ങളിൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-8 വാർഡ്സഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു

ഓഡിറ്റ് വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം വാങ്ങിയ 252 പ്രൊജക്ടുകളിൽ 93 പുതിയ പ്രൊജക്ടുകൾ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് വികസന പദ്ധതി രേഖയിൽ ഉൾപ്പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കരട് പദ്ധതി രേഖയിൽ 191 പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരുന്നെങ്കിലും ഇതിൽനിന്നും ആകെ 93 എണ്ണം മാത്രമാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടുള്ളൂവെന്ന് രേഖകൾ വ്യക്തമാക്കുന്നു. വികസന സെമിനാറിൽ കരട് നിർദ്ദേശങ്ങളായി വരുന്ന പദ്ധതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശിക്കുന്നവയും, സ്റ്റേക്ക് ഹോൾഡർമാരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തിയതിനുശേഷം വാർഡ് സഭകളിൽ അവതരിപ്പിച്ച് അവയുടെ അംഗീകാരം വാങ്ങിയവയുമാണെന്നിരിക്കെ, കരട് രേഖയിൽപ്പെടാത്ത പദ്ധതികൾ അംഗീകാരം വാങ്ങിയതിൽ നിന്നും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ സ്ഥാപനത്തിൽ നടന്നിട്ടില്ലെന്നും, ഇതുവഴി ആസൂത്രണത്തിന്റെ കാര്യത്തിൽ നിയമലംഘനം നടന്നുവെന്നും വ്യക്തമാകുന്നു. കരട് പദ്ധതിരേഖയിൽപ്പെടാത്തതും ഡി.പി.സിയുടെ അംഗീകാരം വാങ്ങിയതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| മേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാർഡ്സഭകളുടെ അംഗീകാരമില്ലാത്ത പ്രൊജക്ടുകൾ | അംഗീകാരമില്ലാത്തവയ്ക്ക് ചെലവഴിച്ചതുക |
|---|---|---|---|

| | | | |
|---|---|---|---|
| ആരോഗ്യം | മെഡിക്കൽ ഓഫീസർ, ഹോമിയോ ഹോസ്പിറ്റൽ | 279/17 | ഇല്ല |
| പൊതുമരാമത്ത് | മുനിസിപ്പൽ എഞ്ചിനീയർ | 190,191,199,201,202,203,204,207, 208,209,210,211,212,215,216,217,219, 220,221,222,223,50,118,121,126,129, 136,137,139,143,145, 147,150,151,152, 153,157,159,164,169,171, 172,173,176,177,178,179,182, 183,185,186,188,189, 226,228,229,230,231,232,233,234, 235,236,239,240, 241,250,251,252,254,257,261,265, 266,267,268,269, 270,271,272,274,275,276,284,285 | 43434002/- |
| ചെറുകിട വ്യവസായം | ഐ.ഇ.ഒ | 264/17 | 0/- |
| സദ്ഭരണം | സെക്രട്ടറി | SSA, IKM വിഹിതം, KWAവിഹിതം, വയോമിത്രം, സാംസ്കാരിക നിലയം | 5354825/- |
| കുടിവെള്ളം | ഹെൽത്ത് ഓഫീസർ | കുടിവെള്ള വിതരണം | 300000 |
| ആകെ | | | 49088827/- |

മേല്പറഞ്ഞതിൽ നിന്നും നിയമവിരുദ്ധമായി 4.9 കോടി രൂപ ചെലവഴിച്ചതായി കാണാം. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 3, എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വകയിരുത്തിയതിനും ചെലവഴിച്ചതിനും കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. നിയമവിരുദ്ധമായി ചെലവഴിച്ച 49088827/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

## 3-9 മാർഗ്ഗരേഖക്കു വിരുദ്ധമായി പ്രോജക്റ്റ് നടപ്പിലാക്കി

ഓഡിറ്റ് വർഷം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ മുനിസിപ്പൽ ആക്ട് പ്രകാരം നഗരസഭയുടെ ചുമതലയിൽ പെടാത്തതും പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ( സ. ഉ ( എം. എസ് ) നമ്പർ 4/2016/ത.സ്വ.ഭ.വ , തീയതി 11.1.2016 ) ഭാഗം 4 ഖണ്ഡിക 11.6 പരാമർശിച്ചിട്ടില്ലാത്തതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നം. | ഫണ്ട് | ബിൽ നം. , തീയതി, തുക |
|---|---|---|---|
| 1 | പത്താം ക്ലാസ് വിദ്യാർഥികൾക്ക് നീന്തൽ പരിശീലനം<br>എസ്. 0076/17 | വികസന ഫണ്ട് | ബിൽ നം. 6/16-17 തി. 30.3.2017 - 40,000/- രൂപ |
| 2 | സ്കൂൾ വിദ്യാർഥികൾക്ക് നീന്തൽ പരിശീലനം<br>എസ്. 0104/17 | വികസന ഫണ്ട് | ബിൽ നം. 7/16-17 തി. 30.3.2017 - 74,000/- രൂപ |
| 3 | ഫുട്ബോൾ കോച്ചിംഗ്<br>എസ്. 0110/17 | വികസന ഫണ്ട് | ബിൽ നം. 8/16-17 തി. 30.3.2017 - 1,00,000/- രൂപ |
| 4 | വിദ്യാലയങ്ങളിൽ കാർഷിക ക്ലബ്ബ്<br>എസ്. 0281/17 | വികസന ഫണ്ട് | ബിൽ നം. 2/16-17 തി. 30.3.2017 - 24,917/- രൂപ<br>ബിൽ നം. 9/16-17 തി. 30.3.2017 - 52,090/- രൂപ |

പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ പെടാത്ത ഇനങ്ങൾ ഉൾപ്പെടുന്ന മേൽ പ്രോജക്ടുകൾ നിർവ്വഹിച്ചതിന് അടിസ്ഥാനമാക്കിയ അനുമതിവിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 20/2016-17 തീയതി 31.5.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുമതി ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സം ചെയ്യുന്നു.

## 3-10 സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ ലഭിച്ച വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ, അനുബന്ധ രജിസ്റ്ററുകൾ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | 2016-17 ൽ ലഭിച്ച ആകെ | 45 ദിവസത്തിനുള്ളിൽ തീർപ്പാക്കിയവ |
|---|---|---|---|

| | | | |
|---|---|---|---|
| | | അപേക്ഷകൾ | |
| 1 | കർഷക തൊഴിലാളി പെൻഷൻ. | 91 | 8 |
| 2 | വിധവാപെൻഷൻ | 238 | 131 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 49 | 3 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 20 | 11 |
| 5 | തൊഴിൽ രഹിത വേതനം | 35 | 27 |

2.അപേക്ഷാ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിലല്ല പരിപാലിക്കുന്നത്.അപേക്ഷ തിയ്യതി രേഖപ്പെടുത്തുന്നതിലും അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും വീഴ്ച വരുത്തുന്നു.

3.കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ അപേക്ഷകർക്ക് 60 വയസ്സായില്ലെന്ന കാരണത്താൽ പ്രാഥമികാന്വേഷണം മാത്രം നടത്തി നിരസിക്കുന്നു. 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിടുതൽ ചെയ്യപ്പെടുന്ന അപേക്ഷകരുടെ പ്രായം സംബന്ധിച്ച രേഖകളിലെ പൊരുത്തക്കേട് പരിഹരിക്കുന്നതിന് അപേക്ഷകർക്ക് അവസരം നൽകാതെ നിരസിക്കുന്നു. ഉദാ: 78,89,110 ക്രമനമ്പറായുള്ള അപേക്ഷകൾ.

4. കൗൺസിൽ അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിൽ കാലതാമസമുണ്ടാകുന്നു. ഇത് മൂലം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിലും കാലതാമസമുണ്ടാകുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഡാറ്റാ എൻട്രി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ. |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ. | 29.12.2016 തീയതിവരെ അനുവദിച്ച അപേക്ഷകൾ |

| | | |
|---|---|---|
| 2 | വിധവാപെൻഷൻ | 29.12.2016 തീയതിവരെ അനുവദിച്ച അപേക്ഷകൾ |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 29.12.2016 തീയതിവരെ അനുവദിച്ച അപേക്ഷകൾ |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 11850/16 വരെ |
| 5 | വാർദ്ധക്യകാല പെൻഷൻ | 10.01.2017 തീയതിവരെ അനുവദിച്ച അപേക്ഷകൾ |

5. ഗുണഭോക്താക്കളെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിന്റെ ഐ.ഡി. നമ്പർ ക്രമത്തിലാണ് പെൻഷൻ വിതരണം ചെയ്യപ്പെടുന്നത്. സേവന സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി നടത്തുമ്പോൾ അപേക്ഷയുടെ സീനിയോറിറ്റി ക്രമം പാലിക്കപ്പെടുന്നില്ല. ഉദാ : 2,3,4,5 ക്രമനമ്പറായുള്ള 50 വയസ്സ് കഴിഞ്ഞ അവിവാഹിതസ്ത്രീകൾക്കുള്ള പെൻഷൻ അപേക്ഷകൾ ഒരേ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത അപേക്ഷകൾ 5,4,3,2 എന്ന ക്രമത്തിലാണ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് 31.05.2017 തീയതിയിൽ നൽകിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ക്ഷേമപെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-11 ഭൂമി വാങ്ങൽ - വില്ലേജ് രേഖകളിൽ പോക്കുവരവ് നടത്തിയില്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം കൊല്ലം മൽസ്യമാർക്കറ്റിനു വേണ്ടി 38 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽ വില്ലേജ് രേഖകളിൽ ആയതിന്റെ പോക്കുവരവ് നടത്തിയിട്ടില്ല.

പ്രോജക്ടിന്റെ വിശദവിവരം

| പ്രോജക്ടിന്റെ പേര്, നം. | ഫണ്ട് | തുക | ബിൽ നം. , തീയതി |
|---|---|---|---|
| മൽസ്യമാർക്കറ്റിനു വേണ്ടി സ്ഥലം വാങ്ങൽ<br>എസ്. 0058/17<br>മൽസ്യമാർക്കറ്റിനു വേണ്ടി സ്ഥലം വാങ്ങൽ - അധിക തുക<br>എസ്. 0167/17 | വികസന ഫണ്ട്<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,10,00,000/-<br>50,00,000/- | ബിൽ നം. 25/16-17 തി. 14.2.2017 – 14,77,000/- രൂപ<br>ബിൽ നം. 28/16-17 തി. 27.2.2017 – 1,00,00,000/- രൂപ |

| | | | |
|---|---|---|---|
| | | | ബിൽ നം. 29/16-17 തി. 27.2.2017 – 10,00,000/- രൂപ<br>ബിൽ നം. 30/16-17 തി. 27.2.2017 – 35,23,000/- രൂപ |

ആധാരം രജിസ്റ്റർ ചെയ്തതിന്റെ വിശദവിവരം

| ആധാരം നമ്പർ | രജിസ്റ്റർ ചെയ്ത തീയതി | സബ്ബ് രജിസ്ട്രാർ ഓഫീസ് |
|---|---|---|
| 427/17 | 10.3.2017 | സബ്ബ് രജിസ്ട്രാർ ഓഫീസ്, കൊയിലാണ്ടി |

മേൽപ്രകാരം വാങ്ങിയ ഭൂമി പോക്കുവരവ് നടത്തി നഗരസഭയുടെ പേരിലാക്കി നികുതി അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപ്രകാരം വാങ്ങിയ ഭൂമി സംബന്ധിച്ച വിവരം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

## 3-12 കുടിവെള്ള പദ്ധതികൾ സമയബന്ധധിതമായി പൂർത്തീകരിക്കുന്നില്ല

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

നഗരസഭയിൽ വിവിധ വർഷങ്ങളിൽ നിർവ്വഹണമാരംഭിച്ച കുടിവെള്ള പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല. മിക്ക പദ്ധതികളും വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്താണ് നിർവ്വഹിക്കുന്നത്.

| ക്രമം നം | പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | നാളിതുവരെ ചെലവഴിച്ച തുക | ഓഡിറ്റ് വർഷത്തെ ചെലവ് | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | തുയ്യത്തുമീത്തൽ ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 2013-14 | 3800002/- | 350000/- | വാട്ടർ അതോറിറ്റി |
| 2 | പഴങ്കാവിൽ കോളനി കുടിവെള്ള പദ്ധതി | 2013-14 | 3740000/- | 350000/- | വാട്ടർ അതോറിറ്റി |
| 3 | ചുണ്ടയിൽ കോളനി കുടിവെള്ള പദ്ധതി | 2014-15 | 4077850/- | 1227850/- | വാട്ടർ അതോറിറ്റി |

പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 3-13 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഇഴഞ്ഞ് നീങ്ങുന്നു.

കൊയിലാണ്ടി നഗരസഭയിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ച് പ്രവർത്തന വിലയിരുത്തലുകൾ നടത്തി. താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും 2016 ഡിസംബർ 31 ന് മുൻപായി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കിയിട്ടില്ല.
2. പദ്ധതി 2016 ൽ പുനരാരംഭിച്ചതിന് ശേഷം ഒരാൾക്ക് പോലും തൊഴിൽ കാർഡ് നൽകിയിട്ടില്ല.
3. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 03.11.2010 തീയതിയിലെ സ.ഉ.(കൈ) നം.252/2010 ഉത്തരവിന്റെ അനുബന്ധമായ മാർഗ്ഗ നിർദ്ദേശങ്ങളിലെ 10.1 പ്രകാരമുള്ള രജിസ്റ്ററുകൾ തയ്യാറാക്കി പരിപാലിക്കുന്നില്ല.
4. 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കർമ്മപദ്ധതി പ്രകാരമുള്ള പദ്ധതികളിൽ ഒന്നുപോലും നടപ്പാക്കിയില്ല.

അപാകതകൾ പരിഹരിച്ച് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 3-14 സ്കൂൾ വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം - കെട്ടിട നിർമ്മാണ അനുമതി വാങ്ങിയില്ല.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ സ്കൂൾ വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പദ്ധതി പ്രകാരം നടത്തിയ നിർമ്മാണങ്ങൾക്ക് സെക്രട്ടറിയിൽ നിന്നും നിർമ്മാണ അനുമതി വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റിന്റെ പേര്, നം. | തുക | ഫണ്ട് | ബിൽ നം. , തീയതി |
|---|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം<br>എസ്.0099/17 | 16,00,000 | വികസന ഫണ്ട് | 1. ബിൽ നം. 5/16-17 തി. 24.1.2017 – 90,000/- രൂപ<br>2. ബിൽ നം. 9/16-17 തി. 30.1.2017 –1,50,000/- രൂപ<br>3. ബിൽ നം. 19/16-17 തി. 7.3.2017 – 2,60,000/- രൂപ<br>4. ബിൽ നം. 28/16-17 തി.16.3.2017 – 50,000/- രൂപ |

| | | | | |
|---|---|---|---|---|
| | | | | 5. ബിൽ നം. 38/16-17 തി. 29.3.2017 – 3,50,000/- രൂപ<br>6. ബിൽ നം. 39/16-17 തി. 29.3.2017 – 50,000/- രൂപ |

മേൽ പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, വിലാസം | വാർഡ് നം. | പഠനമുറിയുടെ വിസ്തീർണ്ണം |
|---|---|---|---|
| 1 | ശാന്ത പി.ടി , പെരുങ്കുനി | 4 | 12.44 ച. മീ |
| 2 | ഷെർളി പൊന്നാരത്ത്, താഴെക്കുനിയിൽ | 15 | 11.12 ച. മീ |
| 3 | വിശ്വൻ കെ.എം, കിഴക്കയിൽ | 24 | 12.72 ച. മീ |
| 4 | മീനാക്ഷി കെ.വി, കൊക്കാമ്പറ്റ മലയിൽ | 23 | 26.75 ച. മീ |
| 5 | ഇന്ദിരാ നാരായണൻ, കുന്ന്യോറമല | 11 | 10.56 ച. മീ |
| 6 | ബാലൻ കെ, കുതിരക്കുട | 21 | 15.72 ച. മീ |
| 7 | രാജീവൻ എ.എം, അണ്ടാറത്ത് മീത്തൽ | 22 | 11.18 ച. മീ |
| 8 | സുധാകരൻ, പയർവീട്ടിൽ മീത്തൽ | 22 | 11.12 ച. മീ |
| 9 | വിജയൻ കെ.കെ, ആരാംവില്ല | 25 | 9.92 ച. മീ |
| 10 | ഉദയകുമാർ പി.കെ, നായിക്കനാരി മീത്തൽ | 24 | 11.30 ച. മീ |
| 11 | കുമാരൻ, അരിയിൽ മീത്തൽ | 22 | 11.21 ച. മീ |
| 12 | ബാബു, പെരുവക്കാല | 16 | 10.56 ച. മീ |
| 13 | ഗീത കെ, കുതിരക്കുട | 21 | 11.42 ച. മീ |

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം നിലവിലുള്ള കെട്ടിടം പുനർ നിർമ്മിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ ചെയ്യുമ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി അത്തരം ഓരോ ജോലിക്കും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് നേടിയിരിക്കേണ്ടതാണ്.

ആയതിനാൽ മേൽപ്രകാരം അനുമതിയില്ലാതെ നടത്തിയ കെട്ടിടം കൂട്ടിച്ചേർക്കൽ ക്രമവൽക്കരിക്കേണ്ടതാണ്.

## 3-15 പദ്ധതിയ്ക്ക് നല്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണ | പ്രോജക്ടിന്റെ പേര്, നം. | തുക | ഫണ്ട് | ബിൽ നം., |
|---|---|---|---|---|---|

| നം. | ഉദ്യോഗസ്ഥൻ | | | | തീയതി |
|---|---|---|---|---|---|
| 1 | സെക്രട്ടറി, മുനിസിപ്പാലിറ്റി | എസ്.എസ്.എക്കുള്ള നഗരസഭാ വിഹിതം<br>എസ്. 0080/17 | 25,00,000 | വികസനഫണ്ട് | ബിൽ നം. 27/16-17 തി. 27.2.2017 |

25,00,000/- ചെലവ് തുകയുടെ വിനിയോഗവിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 1/2016-17 തീയതി. 27.5.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-16 വിവാഹ ധനസഹായം - തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം 2016-17 വർഷം 15 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്, നം. | തുക | ഫണ്ട് | ബിൽ നം. , തീയതി |
|---|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | വിവാഹ ധനസഹായം എസ്.സി<br>എസ്. 0280/17 | 7,50,000 | വികസന ഫണ്ട് | ബിൽ നം. 20/16-17 തി. 15.3.2017 – 7,50,000 /- രൂപ |

മേൽ പ്രകാരം ആനുകൂല്യം അനുവദിച്ച 15 ഗുണഭോക്താക്കളിൽ 10 പേരെ മാത്രമേ കൗൺസിൽ തെരഞ്ഞെടുത്തിട്ടുള്ളൂ. ഈ പ്രോജക്ടിനായി തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, വിലാസം | അനുവദിച്ച തുക |
|---|---|---|
| 1 | ഗീത, ചെട്യാംകണ്ടി താഴെ, പി.ഒ. കൊല്ലം | 50,000/- രൂപ |
| 2 | വേലായുധൻ എം, പെണ്ണോട്ടു കുനിയിൽ, കോതമംഗലം | 50,000/- രൂപ |
| 3 | അജിത എൻ.വി, നെടിയട്ട വയലിൽ, പി.ഒ. കൊല്ലം | 50,000/- രൂപ |
| 4 | ഗോപാലൻ കെ.എം, കൊടക്കോട് മീത്തൽ, പി.ഒ. നടേരി | 50,000/- രൂപ |
| 5 | പ്രഭാകരൻ , ഏഴാം കണ്ടത്തിൽ, പി.ഒ. പെരുവട്ടൂർ | 50,000/- രൂപ |

കൗൺസിൽ അനുമതിയില്ലാതെ മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 22/2016-17 തീയതി. 31.5.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൗൺസിൽ അനുമതിയില്ലാതെ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-17 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ലക്ഷ്യം കണ്ടില്ല.

2016-17 വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പദ്ധതികൾ ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഉദ്ധേശലക്ഷ്യം കൈവരിച്ചില്ല.

| പ്രോജക്ട്നം | പദ്ധതിയുടെ പേര് | വകയിരുത്തിയ വികസനഫണ്ട് | ചെലവഴിച്ചതുക | പ്രോജക്ടിൽ ലക്ഷ്യമിട്ട ഗുണഭോക്താക്കൾ | തൻ വർഷം സഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർ. |
|---|---|---|---|---|---|
| 66/17 | ഇടവിള കൃഷി വ്യാപനം | 855000 | 390000 | 1500 | 650 |
| 67/17 | ഫലവൃക്ഷകൃഷി വ്യാപനം | 200000 | 50625 | 533 | 135 |
| 114/17 | ഔഷധസസ്യ കൃഷി വ്യാപനം | 150000 | 22500 | 500 | 600 |

മേൽ പറഞ്ഞ മൂന്ന് പ്രോജക്ടുകളും ഗുണഭോക്താക്കളിൽ നിന്നും 25% വീതം ഗുണഭോക്തൃവിഹിതം ഈടാക്കി നടപ്പിലാക്കേണ്ടവയാണ്. എന്നാൽ പ്രോജക്ടുപ്രകാരം സഹായം നൽകാനായി ലക്ഷ്യമിട്ട ഗുണഭോക്താക്കളിൽ പകുതിയോളം പേർ മാത്രമേ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം അടവാക്കി പദ്ധതി നടത്തിപ്പിനായി മുന്നോട്ട് വന്നിട്ടുള്ളൂ. ഇതു മൂലം പദ്ധതിക്കായി വകയിരുത്തിയ വികസനഫണ്ടിൽ പകുതിയോളം മാത്രമേ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. പരിഹരിക്കപ്പെടേണ്ട അടിസ്ഥാന അടിയന്തിര പ്രശ്നങ്ങൾ നിരവധിയുണ്ടെന്നിരിക്കെ വികസനഫണ്ട് കൃത്യമായ ആസൂത്രണത്തിന്റെ അഭാവത്തിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കാർഷിക മേഖലയെ സംബന്ധിച്ച കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ലാതെ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 ക്ഷീരകർഷകർക്ക് പാലുൽപ്പാദന ഇൻസെന്റീവ് നൽകൽ-തുക കർകഷർക്ക് നൽകിയതിന്റെ വിവരങ്ങളില്ല.

പ്രോജക്ട്നം-88/17

അടങ്കൽ -437500/- (വികസനഫണ്ട്)

ചെലവ് -427371/-(ബിൽ നം-6/31-3-17)

ക്ഷീര സംഘത്തിൽ പാൽ അളന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് 3 രൂപാ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനായാണ് പ്രോജക്ട് നടപ്പിലാക്കിയത്. പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി ഉല്പാദിപ്പിച്ച പാലിന്റെ വിലയിനത്തിൽ സബ്സിഡിയായി 427371/- രൂപ താഴെ പറയും പ്രകാരം ക്ഷീര സഹകരണ സംഘം സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്ക് സീനിയർ വെറ്ററിനറി സർജ്ജൻ നൽകിയിട്ടുണ്ട്.

| | ക്ഷീരസംഘത്തിന്റെ പേര് | നൽകിയതുക |
|---|---|---|
| 1 | മൂടാടി ക്ഷീരോൽപാദക സഹകരണ സംഘം | 17369 |
| 2 | നടേരി ക്ഷീരോൽപാദക സഹകരണ സംഘം | 84637 |
| 3 | പന്തലായനി മിൽക്ക് സപ്ളൈ കേപ്പറേറ്റീവ് സൊസൈറ്റി | 162119 |
| 4 | കുറുവങ്ങാട് ക്ഷീരോൽപാദക സഹകരണ സംഘം | 67133 |
| 5 | ഊരള്ളൂർ ക്ഷീരോൽപാദക സഹകരണ സംഘം | 96113 |
| | ആകെ | 427371 |

2016-17 വാർഷിക പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ,തീയ്യതി 11.01.2016) അനുബന്ധം-15 ഖണ്ഡിക 8 പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത് . അതിന് പകരം സബ്സിഡി തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ക്ഷീരസംഘം സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്. സെക്രട്ടറിമാർ തുക കർഷകർക്ക് നൽകിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-19 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ട് -പാലിയേറ്റീവ് ക്ളിനിക്കിന് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

പ്രോജക്ട് നം-70/17

അടങ്കൽ -2020450

വിവിധ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് പുറമെ പാലിയേറ്റീവ് രോഗികൾക്ക് ഫിസിയോതെറാപ്പിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഔഷധങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങാനായി പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഔഷധങ്ങളും ഉപകരണങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിച്ചിട്ടുണ്ട്.

| ഇനം | തുക | ബിൽ നം | സ്ഥാപനം |
|---|---|---|---|
| വിവിധയിനം മരുന്നുകൾ | 500000 | PRF3888/20 /03/2017 | KMCL,Thiruvananthapuram |

| | | | |
|---|---|---|---|
| ഫിസിയോതെറാപ്പി ഉപകരണങ്ങൾ | 55481 | ഇൻവോയ്സ് നം-1079<br>തീയ്യതി-24-3-17 | കൊച്ചിൻ സർജിക്കൽസ് |
| ഫിസിയോതെറാപ്പി ഉപകരണങ്ങൾ | 78200 | ഇൻവോയ്സ് നം-5913<br>തീയ്യത്-25-3-27 | G&F<br>മെഡിസിൻ(സർജിക്കൽസ്) |
| ഫിസിയോതെറാപ്പി ഉപകരണങ്ങൾ | 108599 | ഇൻവോയ്സ് നം-2743<br>തീയ്യതി-25-3-2017 | ശ്രീരാജ് സർജിക്കൽസ് |

മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി നിർവ്വഹണ ഉദ്യോസ്ഥൻ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ടെൻണ്ടർ ഫോറം വിലയിനത്തിൽ ഇടാക്കിയ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ അടവാക്കിയതായും കാണുന്നു. തദ്ദേശഭരണ സ്ഥാപനത്തിനുകീഴിൽ വരുന്ന സ്ഥാപനങ്ങൾക്കാവശ്യമായി വരുന്ന വാങ്ങലുകൾ നടത്തേണ്ടത് ജി.ഓ.(പി) 259/2010 ത.സ്വ.ഭ.വ തീയ്യതി 8-11-2010 മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനത്തിലെ വാങ്ങൽ ടീമിന്റെ നേതൃത്ത്വത്തിലായിരിക്കേണ്ടതാണ്. ടെൻണ്ടർ ഫോറത്തിനായി ഈടാക്കുന്നതുക തദ്ദേസഭരണസ്ഥാപനത്തിന്റെ വരവിൽ ഉൾപ്പെടുന്നതുമാണ്. മേൽ അപാകതകൾക്കുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-20 കൈമാറിക്കിട്ടിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഫീസ് സൗകര്യം ലഭ്യമാക്കിയില്ല.

നഗരസഭയിലെ കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് സൂപ്പർ വൈസർ , ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർക്ക് നഗരസഭയിൽ പ്രത്യേക ഓഫീസ് സംവിധാനം നാളിതുവരെയായും ഒരുക്കിയിട്ടില്ല. നിലവിൽ മൂന്ന് ഐ.സി.ഡി എസ് സൂപ്പർവൈസർമാരും കൊയിലാണ്ടി സി.ഡി.പി.ഒ. ഓഫീസിൽ ഇരുന്നാണ് പദ്ധതി നിർവ്വഹണമടക്കമുള്ള ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. താലൂക്ക് വ്യവസായ ഓഫീസർക്കു കീഴിൽ ജോലിചെയ്തുവരുന്ന അഞ്ച് വ്യവസായ വികസന ഓഫീസർമാരിൽ ഒരാളുടെ സേവനം തിങ്കൾ, ബുധൻ ദിവസങ്ങളിൽ പൂർണ്ണമായും നഗരസഭയിൽ ലഭ്യമാണെങ്കിലും ഈ രണ്ട് ഉദ്യോഗസ്ഥർക്കും നഗരസഭയിൽ പ്രത്യേകം ഓഫീസ് സൗകര്യങ്ങളോ ഇരിപ്പിടങ്ങളോ ക്രമീകരിച്ച് നൽകിയിട്ടില്ല.

## 3-21 വാഴക്കൃഷി വ്യാപനം -580 ഗുണഭോക്താക്കൾക്ക് മാത്രം സൗജന്യനിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്തു

പ്രോജക്ട് നം – 69/17

അടങ്കൽ -120000/-( വികസനഫണ്ട്)

ചെലവ് -120000/- (ബിൽ നം -4/15-3-17)

നിർവ്വഹണം-കൃഷിഓഫീസർ

മുനിസിപ്പൽ പരിധിയിൽ വാഴക്കൃഷിവ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി 1000 ഗുണഭോക്താക്കൾക്ക് വാഴക്കന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ VFPCK യിൽ നിന്നും 15 രൂപ വിലവരുന്ന 8000 നേന്ത്രവാഴക്കന്നുകൾ വാങ്ങി 580 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് പ്രകാരം 1000 ഗുണഭോക്താക്കൾക്ക് വാഴക്കന്ന് വിതരണമാണ് ലക്ഷ്യമിട്ടതെങ്കിലും 580 പേർക്ക് മാത്രമാണ് നടീൽ വസ്തുക്കൾ വിതരണം ചെയ്തിരിക്കുന്നത്. സൗജന്യനിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടും ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിച്ചില്ല എന്നത് പ്രദേശത്തെ കാർഷിക മേഖലയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങളും , ആവശ്യകതയും പരിഗണിച്ചല്ല പ്രോജക്ട് രൂപീകരിച്ചതെന്ന് വ്യക്തമാക്കുന്നു.

## 3-22 മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

സീനിയർ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ രണ്ട് പദ്ധതികളിൽ ലക്ഷ്യമിട്ടതിൽ പകുതിയോളം പേർക്ക് മാത്രമേ തൻവർഷം പദ്ധതികളുടെ ഗുണം ലഭിച്ചുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | പ്ളാൻ ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | ചെലവഴിച്ച തുക | പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ട എണ്ണം | പ്രോജക്ട് പ്രകാരം സഹായ ലഭിച്ചവർ |
|---|---|---|---|---|---|
| 87/17 | വനിതകൾക്ക് പശുവിതരണം | 2250000 | 885000 | 150 | 59 |
| 83/17 | പ്രത്യേക കന്നുകുട്ടിപരിപാലനം | 1025000 | 600000 | 82 | 48 |

ഇതിൽ നിന്നും മേൽ രണ്ട് പ്രോജക്ടുകളും ആവിഷ്കരിച്ചിരിക്കുന്നത് മേഖലയെ കുറിച്ചുള്ള സ്ഥിതിവിവര കണക്കുകളും, ആവശ്യകതയും പരിഗണിക്കാതെയാണെന്നുകാണുന്നു. മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് , സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല . കൂടാതെ വനിതകൾക്ക് പശുവിതരണം പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി 67 പേരിൽ നിന്നും 15000/- രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ഇതിൽ എട്ടുപേർക്ക്പശുവിനെ വിതരണംചെയ്തിട്ടില്ല . 59പേരുടെ ഗുണഭോക്തൃവിഹിതം നാളിതുവരെയായും പശുവിനെ വിറ്റവർക്ക് കൈമാറിയിട്ടില്ല. ഗുണഭോക്താക്കൾ പശുവിനൊപ്പം നിൽക്കുന്ന ഫോട്ടോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പശുവിനെ വാങ്ങിയത് സംബന്ധിച്ച പർച്ചേസിംഗ് ഡീറ്റയിൽസ്, വെറ്റിനറി സർജന്റെ സാക്ഷ്യപത്രം, പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-23 കണ്ടിജന്റ് പെൻഷൻ - അപാകതകൾ

നഗരസഭയിലെ കണ്ടിജന്റ് പെൻഷനുമായി ബന്ധപ്പെട്ട ഫയലുകളിൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ - പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്നില്ല.

1997ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ, ചട്ടം 187(2) പ്രകാരം മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിന്റെ 15% തുക പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. കണ്ടിജന്റ് പെൻഷണർമാർക്ക് പെൻഷൻ നൽകേണ്ടത് പ്രസ്തുത അക്കൗണ്ടിൽ നിന്നാണ്. ഓഡിറ്റ് വർഷം നഗരസഭയിലെ 24 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതമായി 1142717 രൂപ ഇതിനായുള്ള ടി.പി.എ. 260 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 13 കണ്ടിജന്റ് പെൻഷണർമാർക്ക് പെൻഷൻ നൽകുന്നതിനായി 12,39,783രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 643999രൂപ മാത്രമാണ് പെൻഷൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചത്. നവംബർ 2016 മുതൽ മാർച്ച് 2017 വരെയുള്ള പെൻഷൻ തുക 595784 രൂപ തനതുഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ടി.പി.എ. 260 നമ്പർ അക്കൗണ്ടിൽ 31.3.2017ന് 637808രൂപ നീക്കിയിരിപ്പുണ്ട്. പെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഉണ്ടായിരിക്കെ കണ്ടിജന്റ് പെൻഷൻ നൽകുന്നതിന് തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2.കുടുംബപെൻഷൻ തുകയിൽ നിന്നും കമ്മ്യൂട്ട് ചെയ്ത തുക കുറവ് ചെയ്യുന്നു.

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരനായിരുന്ന ശ്രീ.എൻ.കെ.വേണു 31.7.2010ന് സർവീസിൽ നിന്ന് റിട്ടയർ ചെയ്യുകയും 30.8.2011ന് മരണപ്പെടുകയും ചെയ്തു. ടിയാന്റെ ഭാര്യ ശ്രീമതി. എൻ.കെ.ലീലയ്ക്ക് 10/2011 മുതൽ കുടുബപെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ കമ്മ്യൂട്ട് ചെയ്ത തുക കുറവ് വരുത്തിയാണ് ഇവർക്ക് പെൻഷൻ നൽകി വരുന്നത്. കുടംബപെൻഷനിൽ നിന്ന് കമ്മ്യൂട്ട് ചെയ്ത തുക കുറയ്ക്കേണ്ടതില്ല.

3. ശ്രീമതി.എൻ.കെ.ലീലയ്ക്ക് 19.7.17 മുതൽ സാധാരണനിരക്കായ 4819രൂപയാണ് പെൻഷൻ അനുവദിക്കേണ്ടത്. എന്നാൽ ഒക്ടോബർ 2017 വരെ ഇവർക്ക് ഉയർന്ന നിരക്കായ 7852രൂപ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

പെൻഷൻ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-24 മുനിസിപ്പൽ പെൻഷൻ ഫണ്ട് - സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല.

പതിനേഴ് റഗുലർ പെൻഷണർമാർക്ക് പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി തനതുഫണ്ടിൽ നിന്ന് 47,88,360രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 9(3) പ്രകാരം ഒരു വർഷം പ്രതിമാസപെൻഷൻ നൽകുന്നതിനാവശ്യമായ തുക, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾക്കായി ആവശ്യമായ തുക എന്നീ ഇനങ്ങളിലായി വേണ്ടി വരുന്ന മൊത്തം തുക നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചു കൊടുക്കേണ്ടതാണ്. ചട്ടം9(4) പ്രകാരം എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിന് മുൻപ്, ആവശ്യമായ തുക അനുവദിക്കാൻ സെക്രട്ടറി, പെൻഷണർമാരുടെ പട്ടികസഹിതം ഡയറക്ടർക്ക് അപേക്ഷിക്കേണ്ട താണ്. എല്ലാ വർഷവും ഫണ്ടിനായി അപേക്ഷിക്കുന്നുണ്ടെങ്കിലും 2013-14 വർഷം 28,00,000രൂപ

ലഭിച്ചതിന് ശേഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി തുക ലഭിക്കുന്നില്ല. നഗരസഭയുടെ കണക്ക് പ്രകാരം 1997-98 വർഷം മുതൽ 2016-17 വർഷം വരെ 2,18,59,162രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുണ്ട്. ഇതിനായി ഉള്ള ടി.പി.എ.263 അക്കൗണ്ടിൽ 20.8.16ന് 224190രൂപ നീക്കിയിരിപ്പുണ്ട്. 20.8.16ന് ശേഷം ഈ അക്കൗണ്ടിൽ കൂടി ഇടപാടുകളൊന്നും നടത്തിയിട്ടില്ല. റഗുലർ പെൻഷണർമാർക്ക് പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി തനതുഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നത് മേൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-25 മുൻകൂറുകൾ ക്രമീകരിച്ചില്ല

നഗരസഭയുടെ 2016-17 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 1982-83 മുതൽ 2016-17വരെയുള്ള കാലയളവിൽ നൽകിയ മുൻകൂർ തുകകൾ ഇതുവരെ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 1982-83 മുതൽ 2004-05 വരെ | 235441.77 |
| 2005-06 | 28500 |
| 2006-07 | 12000 |
| 2007-08 | 500 |
| 2008-09 | 20000 |
| 2009-10 | 45900 |
| 2010-11 | 56000 |
| 2011-12 | 10000 |
| 2012-13 | 175000 |
| 2013-14 | 3000 |
| 2014-15 | 10000 |

| | |
|---|---|
| 2015-16 | 38625 |
| 2016-17 | 73476 |
| ആകെ | 708443 |

മേൽ മുൻകൂറുകൾ ഇതുവരെ ക്രമീകരിക്കാത്ത വിവരം ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അനുവദിച്ച അഡ്വാൻസുകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ 18% വാർഷികപലിശ സഹിതം തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചുണ്ടിയിൽ കുടിവെള്ള പദ്ധതി | | 1227850 | | 1227850 |
| കേരള വാട്ടർ അതോറിറ്റി | പഴങ്കാവിൽ കോളനി കുടിവെള്ള പദ്ധതി | 340068 03.02.2017 | 350000 | | 350000 |
| കേരള വാട്ടർ അതോറിറ്റി | തുയ്യത്ത് മീത്തൽ ഹരിജൻ കോളനി കുടിവെള്ള പദ്ധതി | | 350000 | | 350000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ യു ആർ ഡി എഫ് സി ടൗൺ ഹാൾ കമ്മിറ്റി | | 7473980 | 6501017 | 1520954 | 768563 | 12454043 |
| 2 | ഇഎംഎസ് ഭവന വായ്പ | | 320000 | | 3000000 | | |

ക്രമനമ്പർ (2) ന്റെ വിശദവിവരം പ്രഥമമറുപടിയിലുൾപ്പെടുത്തേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| ആകെ | 16000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| KURDFC ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ : 263) | 15000 |
| മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ :87) | 1000 |
| ആകെ | 16000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,02,122/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-4 | 2500 | ശ്രീ വി കെ അശോകൻ, കോൺട്രാക്ടർ | 11601100577, 12.04.2016 |
| 2013-14 | 2-4 | 23600 | ശ്രീ ചന്ദ്രശേഖരൻ, കോൺട്രാക്ടർ | 11601102156, 11.05.2016 |
| 2013-14 | 3-10 | 16000 | ശ്രീ സി എം ഗോവിന്ദൻ, കോൺട്രാക്ടർ | 101522, 29.04.2016 |
| 2013-14 | 3-10 | 32886 | ശ്രീ സുമേഷ് കെ, കോൺട്രാക്ടർ | 101550, 29.04.2016 |
| 2013-14 | 3-10 | 35496 | ശ്രീ സി എം | 101596, |

| | | | | |
|---|---|---|---|---|
| | | | ഗോവിന്ദൻ, കോൺട്രാക്ടർ | 30.04.2016 |
| 2013-14 | 3-10 | 14601 | ശ്രീ വി ആർ രതീഷ് കുമാർ, കോൺട്രാക്ടർ | 11601100637, 12.04.2016 |
| 2013-14 | 3-10 | 26500 | ശ്രീ സി എം ഗോവിന്ദൻ, കോൺട്രാക്ടർ | 11601100648, 13.04.2016 |
| 2013-14 | 3-10 | 16166 | ശ്രീ എസ് സെൽവരാജ്, കോൺട്രാക്ടർ | 11601100684, 13.04.2016 |
| 2013-14 | 3-10 | 3447 | ശ്രീ എസ് സെൽവരാജ്, കോൺട്രാക്ടർ | 11601100956, 20.04.2016 |
| 2013-14 | 3-10 | 8830 | ശ്രീ സുധീഷ് സി എം, കോൺട്രാക്ടർ | 11601101150, 22.04.2016 |
| 2013-14 | 3-10 | 14714 | ശ്രീ എസ് സെൽവരാജ്, കോൺട്രാക്ടർ | 11601101378, 22.04.2016 |
| 2013-14 | 3-10 | 7382 | ശ്രീ സുധീഷ് സി എം, കോൺട്രാക്ടർ | 11601101400, 27.04.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 ചെലവ് | 15 | 1999 | IV9(a) | പട്ടികജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത |

| | | | | |
|---|---|---|---|---|
| -ടി- | 14(3) | 1999 | IV 9 (b) | കൈതോലകൃഷി പരാജയം |
| -ടി- | 14(4) | 1999 | IV 9(c) | മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട് |
| 1998-99 | 13 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((a) | വാഴകൃഷി വികസനം |
| -ടി- | 15 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((b) | കോതമംഗലം ജി.എൽ.പി.എസ്. അറ്റകുറ്റപ്പണി |
| 1998-99 | | 2000-01 | 14(a) | മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം |
| 2000-01 | 15 | 2004-05 | 10.1 | ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം. |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്. | 11(1),11(2) | 2005-06 | 20.1 | ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി. |
| | 12 | 2005-06 | 20.2 | ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു. |
| | 20 | 2005-06 | 20.3 | എൻ.എസ്.ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 256041455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 228030848 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 127015 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 250000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52037621 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 51742 | | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 2-7 | 75273 | | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 3-16 | | 250000 | രമണി സി ടി<br>പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 104460 | ഷെറിൽ ഐറിൻ സോളമൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 53327 | മിനി എ എസ്,എം.ഇ |
| 3-8 | 49088827 | ഷെറിൽ ഐറിൻ സോളമൻ, സെക്രട്ടറി<br>മിനി.എ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>മോഹനൻ ടി കെ, ഹെൽത്ത് ഓഫീസർ<br>കൃഷ്ണൻ എ,ഹെൽത്ത് ഓഫീസർ |
| 3-9 | 291007 | ബിജേഷ് ഉപ്പാലക്കൽ,<br>പ്രിൻസിപ്പൽ |
| 3-15 | 2500000 | ഷെറിൽ ഐറിൻ സോളമൻ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2(6)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷെറിൽ ഐറിൻ സോളമൻ, സെക്രട്ടറി, | സെക്രട്ടറി,<br>കൊയിലാണ്ടി നഗരസഭ | LYNDALE<br>എടക്കാട് പി ഒ<br>കോഴിക്കോട്-5 |
| മിനി എ എസ്, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ,<br>കൊയിലാണ്ടി നഗരസഭ | അരുണോദയം<br>മേപ്പയിൽ.പി.ഒ.<br>വടകര-673104 |
| രമണി.സി.ടി പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>കൊയിലാണ്ടി നഗരസഭ | മോഹനം ഹൗസ്,<br>ചുലൂർ.പിഒ, എൻ.ഐ.ടി വഴി<br>കോഴിക്കോട് 673601 |
| മോഹനൻ ടി കെ, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, കൊയിലാണ്ടി | അനുഗ്രഹ്,തണ്ണീർപന്തൽ,<br>വേങ്ങേരി പി.ഒ,കോഴിക്കോട് |
| കൃഷ്ണൻ എ, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, കൊയിലാണ്ടി | അയനിയിൽ,പള്ളിക്കര(പി.ഒ),<br>മേലാടി 673522 |

| | | |
|---|---|---|
| ബിജേഷ് ഉപ്പാലക്കൽ, പ്രിൻസിപ്പൽ | പ്രിൻസിപ്പൽ,ജി.വി.എച്ച്.എസ്.എസ് ബോയ്സ്, കൊയിലാണ്ടി | രാഗമൽഹാർ, മടപ്പള്ളികോളജ്പി.ഒ, വടകര,കോഴിക്കോട് 673102 |
| വി പി ഉണ്ണികൃഷ്ണൻ, സൂപ്രണ്ട് | സൂപ്രണ്ട്, കൊയിലാണ്ടി നഗരസഭ | അമൃതം, നടേരി പി.ഒ, കൊയിലാണ്ടി-673620 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630/87/20.5.1987 | 9 |
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631/87/20.5.1987 | 7 |
| 1974-75, 75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632/87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633/87/20.5.1987 | 4 |
| 1977-78, 79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635/87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636/87/20.5.1987 | 24 |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638/87/20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/97/3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304/97/23.12.1998 | 38 |
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451/89/1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352/92/13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351/92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ | 27 |

| | | |
|---|---|---|
| | 10.10.1994 | |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92, 92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94, 94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99ഖണ്ഡിക | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |
| 1999-2000 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | 18 |
| 1999-00 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ. | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(2)തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(3)തീ.26.8.2014 | 24 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(4)തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(5)തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(6)തീ.26.8.2014 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(7)തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(8)തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168 /13(7)തീ.26.10.2013 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682 /13(7)തീ.16.8.2014 | 53 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 തീ.20.7.2015 | 36 |
| 2013-14 | കെ എസ് എ കെകെഡി പി.8/949/2016 | 50 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |
| 2015-16 | നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17 | 42 |

ജോയിന്റ് ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.8/2080/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ – 0495-2371012

തീയതി: 08-11-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 31.03.2017 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊയിലാണ്ടി നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA.KKD/P8/2080/2017

Kerala State Audit Department

District Audit Office
Civil Station – Kozhikode
PH: 0495-2371012

Dated: 08-11-2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KOYILANDY MUNICIPALITY in Kozhikode District for the year ended on 31.03.2017 in accordance with section'4' of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelines issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Koyilandy Municipality for the year 2016-17 subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR
Kerala State Audit Department
District Audit Office, Kozhikode